# കർമ്മലകുസുമം.

പുസ്തകം ൧൩)  ൧൯൧൩ ഫെബ്രുവരി  (ലക്കം ൨.


## അമ്പതു നോമ്പ്.

ഉപവാസം, നോമ്പു ആദിയായ തപഃക്രിയകളുടെ പ്രയോജനത്തേയും മഹത്വത്തേയും ശരിയായി ഗ്രഹിച്ചിട്ടുള്ള തിരുസഭ, ആണ്ടിൽ ഏതാനും ആഴ്ചകളെ തപഃക്രിയാനുഷ്ഠാനത്തിന്നായി വിനിയോഗിക്കേണമെന്നു കല്പിച്ചിരിക്കുന്നു. ഏതാദൃശമായ ഒരു കല്പന തിരുസഭയുടെ ആദിമഘട്ടങ്ങളിൽ ഉണ്ടായിരുന്നില്ല. അന്നത്തെ ക്രിസ്ത്യാനികളുടെ തപാസക്തിയെ മിതപ്പെടുത്തേണ്ടതായിട്ടേ ഇരുന്നുള്ളു. ഇന്നാകട്ടെ തപഃക്രിയകൾ മനുഷ്യൎക്കു ദുസ്സഹമായി തീൎന്നിരിക്കുന്നു. ലൌകികസുഖസന്തോഷാദികളിൽ നിമഗ്നരായ മനുഷ്യൎക്കു ഇപ്രകാരം തോന്നുന്നതിലൊട്ടു ത്ഭുതപ്പെടാനുമില്ല. എന്നാൽ യഥേഷ്ടം പ്രവൎത്തിക്കുന്നതിന്നു കുട്ടികളെ അനുവദിക്കുന്ന മാതാവ്, സാക്ഷാൽ പുത്രസ്നേഹമുള്ളവളെന്നു പറവാൻ പാടില്ലല്ലൊ. ഇതിനാലത്രെ അത്യുത്തമമാതാവായ കത്തോലിക്കാ തിരുസഭ, തന്റെ മക്കളായ വിശ്വാസികളുടെ നിത്യഭാഗ്യം സുരക്ഷിതമാക്കുന്നതിനുവേണ്ടി "അമ്പതുനോമ്പ്" എന്നതപസ്സുകാലത്തെ നിശ്ചയിച്ചിരിക്കുന്നതു്. ഈ നോമ്പുകാലം ഈ മാസത്തിൽ തുടങ്ങുന്നു. അതുകൊണ്ടു തപാനുഷ്ഠാനത്തിന്റെ പ്രയോജനത്തേയും വിധത്തേയും പററി അല്പം ഇവിടെ പ്രസ്താവിക്കുന്നതു സമയോചിതമായിരിക്കുന്നു വിചാരിക്കുന്നു.

മനുഷ്യനിൽ ഉത്തമാംശം എന്നും അധമാംശം എന്നും രണ്ടു ഭാഗങ്ങളുണ്ടു്. ഉത്തമാംശം സൽകൃത്യങ്ങൾക്കായി മനുഷ്യനെ പ്രോത്സാഹിപ്പിക്കുന്നു. തിന്മയിലേക്കാകൎഷിക്കുകയാകുന്നു അധമാംശത്തിന്റെ ജോലി. അതുകൊണ്ടു അധമാംശം സദാ ഉത്തമാംശത്തിന്നു അധീനമായിരിക്കുവാനാവശ്യമാണു്. അല്ലാത്തപക്ഷം നന്മക്കു പകരം തിന്മയായിരിക്കും മനുഷ്യനിൽ കാണപ്പെടുന്നതു്. അധമാംശം ഒരുവിധത്തിൽ പറഞ്ഞാൽ, കടിഞ്ഞാണില്ലാത്ത ഒരു വികൃതിക്കുതിരക്കു സമമാണു്. ഇതിനെ ശരിയായി നിയന്ത്രിക്കുന്ന കടിഞ്ഞാൺ തപസ്സാകുന്നു. തപസ്സിനു രണ്ടുപഭാഗങ്ങളുണ്ടു്. അവ മാനസികവും ദൈഹികവുമാണു്. മാനസിക തപസ്സ്, ആശാപാശങ്ങളേയും ഐന്ദ്രിക്കേച്ഛകളേയും വേണ്ടപോലെ അമൎത്തി, അവയോടു യുദ്ധം ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്നു. ഈ വിധതപസ്സു എല്ലാവൎക്കും എപ്പോഴും ആവശ്യമുള്ളതാണു്. ഇതിനാലാകുന്നു "കൎത്താവേ! നിന്നെ പ്രതി ഞാൻ അനുദിനം കൊല്ലപ്പെട്ടു" എന്നു വി. പൌലോസ് ശ്ലീഹാ പറയുന്നതു്. ഇതിന്റെ അന്തരാൎത്ഥം ആത്മസംയമനം അഥവാ സ്വനിഗ്രഹം ആണെന്നു സ്പഷ്ടമാണല്ലൊ. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യനെ ഒരിക്കൽ കൊല്ലാമെന്നല്ലാതെ ദിനംപ്രതി എങ്ങിനെയാണു കൊല്ലുക? ഈ വക തപഃക്രിയകൾ ദൈഹിക തപസ്സിനേക്കാൾ മഹത്തരവുമാണു്. ഉപവാസവും നോമ്പും അനുഷ്ഠിക്കുക, ശരീരത്തെ വേദനപ്പെടുത്തുക, മുള്ളരിഞ്ഞാണം കെട്ടുക, ഇവ

യും ദേഹത്തെ ദണ്ഡിപ്പിക്കുന്ന തത്തുല്യ
ങ്ങളായ മററുകൃത്യങ്ങളുമാണ് ദൈഹിക
തപസ്സ് എന്നു പറയുന്നത്.
(തങ്ങളോടു തന്നെ) "ബലം പ്രയോ
ഗിക്കുന്നവർ ആകാശരാജ്യം പിടിച്ചെടു
ക്കു"മെന്നു നമ്മുടെ കർത്താവരുളിച്ചെയ്തി
രിക്കുന്നു. വി. ആഗസ്തീനോസ് ഈ
വാക്യത്തെ വ്യാഖ്യാനിക്കുന്നതിങ്ങനെയാ
ണ്. രണശൂരന്മാരായ യോദ്ധാക്കളെ
പ്പോലെ, തപസ്സാകുന്ന ആയുധംകൊണ്ടു
തങ്ങളോടു തന്നെ യുദ്ധം ചെയ്യുന്നവരാ
ണ് സ്വർഗ്ഗരാജ്യത്തിന്നർഹന്മാർ, മ്ശി
ഹായുടെ ശിഷ്യരെന്നു ഘോഷിക്കുന്ന നാം
അങ്ങേ പിൻചെല്ലേണ്ടതെങ്ങിനെയെ
ന്നു താഴെ കാണുന്ന വേദവാക്യം കൊ
ണ്ടു മനസ്സിലാക്കാം. "എന്നെ അനുഗ
മിപ്പാൻ മനസ്സാകുന്നവൻ, തൻെറ കുരി
ശും ചുമന്നുകൊണ്ടു എൻെറ പിന്നാലെ
വരട്ടെ." ഇവിടെ 'കുരിശു' എന്നപദം
കൊണ്ടുനിർദ്ദേശിച്ചിട്ടുള്ളതുതപസ്സാകുന്നു.
ഒരുത്തൻെറ തപഃക്രിയകൾക്കു കാരണ
കർത്താവു, അവൻതന്നെ ആയിരിക്കേണ
മെന്നില്ല. അന്യകാരണങ്ങളിൽ നിന്നു
നേരിടുന്ന കഷ്ടപ്പാടുകളും നല്ല മനസ്സോ
ടെ സഹിക്കുമ്പോൾ തപസ്സായി.
"ഈശോ മ്ശിഹായുടെ ജീവിതത്തിലെ
പരിശുദ്ധത നമ്മുടെ ശരീരത്തിൽ പ്ര
കാശിക്കുന്നതിന്നായി അവിടുത്തെ സ്വ
നിഗ്രഹത്തെ നമ്മുടെ ദേഹത്തിൽ നാം
എപ്പോഴും ധരിച്ചുകൊണ്ടു നടക്കണം"
എന്നു വി. പൌലോസ്ശ്ലീഹാ പറയുന്നു.
പരിശുദ്ധ ജീവിതം കഴിക്കുന്നതിന്നു ത
പഃക്രിയകൾ എത്ര ആവശ്യമായിരിക്കു
ന്നു എന്നു ഈ വാക്യത്തിൽനിന്നും വി
ശദമാകുന്നുണ്ടല്ലൊ.
തപസ്സിൻെറ ആവശ്യകതയെപ്പ
ററി പൊതുവിൽ ഇത്രയും പറഞ്ഞെന്നേ
യുള്ളു. നോമ്പും ഉപവാസവുമാണല്ലൊ
നമ്മുടെ പ്രധാനവിഷയം. ദൈവകോ
പത്തെ ശാന്തപ്പെടുത്തുന്നതിനും നമ്മുടെ
പാപങ്ങൾ മൂലം, ദൈവനീതിപ്രകാരം
നാം സഹിക്കേണ്ടിയ അനിത്യശിക്ഷാ
വിധിയിൽനിന്നും മോചിതരാകുന്നതിനും
നോമ്പും ഉപവാസവും വളരെ സഹാ
യിക്കുന്നതാണ്. മഹിളാമണിയായ യൂ
ദിത്തിൻെറ ചരിത്രം ഇതിന്നൊരു നല്ല
സാക്ഷ്യമാണ്. ഇസ്രായേൽ ജനങ്ങളു
ടെ പാപം ദൈവകോപത്തെ ഉജ്ജ്വലി
പ്പിച്ചു. ദൈവശിക്ഷയായി അസ്സിരിയ
ൻ പട്ടാളം ഹോളൊപെർനേസിൻെറ
നേതൃത്വത്തിൽ ബെത്തുലിയാ പട്ടണ
ത്തെ വളഞ്ഞു. അവിടെയുണ്ടായിരുന്ന
നീർച്ചാലുകൾ നശിപ്പിച്ചു. വെള്ളം കിട്ടാ
തെ പട്ടണവാസികൾ കുഴങ്ങി. ഒടുവി
ൽ ശത്രുക്കൾക്കധീനപ്പെടാമെന്നും നി
ശ്ചയിച്ചു. ഈ വിഷമഘട്ടത്തിൽ യൂദിത്തു
നോമ്പും ഉപവാസവുംകൊണ്ടു ദൈവ
കോപത്തെ ശമിപ്പിക്കുന്നതിനു ശ്രമിച്ചി
രുന്നു. തൽഫലമായി ഹോളൊപെർ
നേസിൻെറ ശിരച്ഛേദം ചെയ്തു പട്ടണ
ത്തെ ശത്രുക്കളിൽനിന്നും രക്ഷിക്കുന്നതി
നവൾക്കു സാധിച്ചു. നിനുവെ പട്ടണ
വാസികളുടെ അക്രമ ജീവിതം മൂലം ആ
പട്ടണത്തെ നശിപ്പിക്കുന്നതിനു ദൈവം
നിശ്ചയിച്ചു. യൌനാൻ ദീർഘദർശി വഴി
യായി അവരെ ഇപ്രകാരം അറിയിച്ചു.
"നാല്പതു ദിവസം കഴിഞ്ഞാൽ നിനു
വെ പട്ടണം നശിപ്പിക്കപ്പെടും" നിനു
വെ രാജാവു് ഈ സംഗതി ഗ്രഹിച്ച ഉ
ടനെ പ്രസിദ്ധീകരിച്ച ഒരു വിളംബരം
ഇങ്ങനെയായിരുന്നു. "മനുഷ്യനാകട്ടെ
മൃഗമാകട്ടെ, ആടാകട്ടെ മാടാകട്ടെ യാ
തൊന്നും രുചിച്ചുപോകരുത്. അവർ
ഭക്ഷണം കഴിക്കയും വേണ്ട, ജലപാനം
ചെയ്യുകയുമരുത്." അഹൊ എത്ര ക
ഠോരതരമായ ഉപവാസം! ഇതിൻെറ
ഫലം അവർ അനുഭവിക്കാതിരുന്നുമില്ല.
എന്തുകൊണ്ടെന്നാൽ മുമ്പത്തെ വേദ
വാക്യത്തെ അനുഗമിക്കുന്ന വാക്യം ഇതാ
കുന്നു. "അവരുടെ പ്രവൃത്തികളേയും, അ
വർ പാപവഴിയിൽനിന്നു തിരിഞ്ഞതി
നേയും ദൈവം കാണുകയും അവരോ
ടു ചെയ്യുമെന്നു പറഞ്ഞിരുന്ന തിന്മയെ
ചെയ്യാതെ അവരെ ദൈവം അനുഗ്ര
ഹിക്കുകയും ചെയ്തു." ഇതാ നോക്കുവി
ൻ നോമ്പിൻെറയും ഉപവാസത്തിൻെറ
യും മഹനീയവും വിസ്മയനീയവുമായ ഫ
ലം!
ഇതേവരെ പറഞ്ഞതിൽനിന്നു ക
ഴിഞ്ഞുപോയ പാപങ്ങളുടെ പരിഹാര
ത്തിന്നു നോമ്പും ഉപവാസവും വളരെ
ഉപരിക്കുന്നു എന്നേ വിശദമാകുന്നുള്ളു

ല്ലൊ. നോമ്പും ഉപവാസവും കൊണ്ട് ഇനിമേലാൽ പാപത്തിൽ വീഴാതിരിക്കുവാനുള്ള ശക്തിയും ലഭ്യമാകുന്നു എന്നുള്ളബോധം, ഈ തപഃക്രിയാനുഷ്ഠാനത്തിന്നു നമ്മെ അത്യധികം ഉത്സാഹിപ്പിക്കുന്നതാണ്. ആദിപിതാവായ ആദത്തിൻെറ പാപംമൂലം മനുഷ്യ സ്വഭാവം ദുർബ്ബലമായും ആശാപാശം നമ്മിൽ ശക്തിപെട്ടും ഇരിക്കുന്നതുകൊണ്ടു പാപത്തിൽ വീഴാനുള്ള അപകടത്തിലാണ് സദാ നാം സ്ഥിതിചെയ്യുന്നത്. നോമ്പും ഉപവാസവുംകൊണ്ടു ശരീരത്തെ അമർത്തി ആശാപാശത്തെ നിയന്ത്രിക്കുന്നതുകൊണ്ടു നമ്മുടെ ശരീരത്തിലുള്ള പ്രധാന പാപകാരണത്തെ തടയുന്നതിന്നു നാം ശക്തന്മാരായിതീരുന്നു. "മററുള്ളവരോടു പ്രസംഗിച്ചതിൻെറശേഷം ഞാൻ പരിത്യാജ്യനാകാതിരിക്കുവാൻ എൻെറ ശരീരത്തെ പീഡിപ്പിച്ചു, അതിനെ ഞാൻ കീഴ്പെടുത്തുന്നു" എന്നു വി. പൌലോസ് ശ്ലീഹാ പറയുന്നു. ശ്ലീഹാ എങ്ങിനെയാണ് സ്വന്ത ശരീരത്തെ പീഡിപ്പിച്ചത്? "ഉറക്കമൊഴിവ, വിശപ്പ്, ദാഹം, കൂടെക്കൂടെയുള്ള ഉപവാസം" ഇവകൊണ്ടാണ് പീഡിപ്പിച്ചതെന്നു അവിടുന്നു തന്നെ പ്രസ്താവിച്ചിരിക്കുന്നു. മേലിൽ പാപത്തിൽവീണു പരിത്യാജ്യനാകാതിരിക്കുന്നതിനു വിശപ്പും ദാഹവും സഹിക്കുകയും ഉപവാസം അനുഷ്ഠിക്കുകയും ചെയ്യുന്നതാണ് ഏററം നല്ലതെന്നു കണ്ടിട്ടല്ലേ ശ്ലീഹാ ഇങ്ങനെ ചെയ്തതു്. തിരുസഭയിൽ ഇതേവരെ ഉണ്ടായിട്ടുള്ള ഏതു വിശുദ്ധൻെറയും ജീവചരിത്രം വായിച്ചാൽ, തപഃക്രിയാനുഷ്ഠാനം അവരുടെ ഒരു പ്രധാന ദിനചര്യയായിരുന്നു എന്നു ഗ്രഹിക്കാവുന്നതാണ്. ഭക്ഷ്യപേയാദികളുടെ അമിതമായ ഉപയോഗത്തിൽനിന്നു വിരക്തന്മാരായിരിക്കുന്നവക്കേ ആത്മീയകാര്യങ്ങളിൽ ശരിയായി ശ്രദ്ധപതിക്കുവാൻ സാധിക്കുകയുള്ളൂ. എന്തുകൊണ്ടെന്നാൽ ക്രമംകടന്ന തീനും കുടിയുംകൊണ്ടു ദുശ്ചിന്തകൾ മനസ്സിൽ അങ്കുരിക്കുകയും, സൽകൃത്യങ്ങൾക്കുള്ള മനസ്സിൻെറ ഉന്മേഷവും ശക്തിയും ക്ഷയിക്കുകയും ചെയ്യുന്നു. പുണ്യപൂർണ്ണരുടെ ഉയന്ന പദവിയെ പ്രാപിച്ചിരിക്കുന്നവക്കുപോലും പൈശാചിക പരീക്ഷകൾ നേരിടുമെന്നും, ഇവയെ ജയിക്കുന്നതിനു ഉപവാസം അപേക്ഷിതമായിരിക്കുന്നു എന്നും നമ്മെ പഠിപ്പിക്കുവാൻവേണ്ടിയാണ് നമ്മുടെ കർത്താവായ ഈശോ വനത്തിൽപോയി നാല്പതു രാപ്പകൽ ഉപവസിച്ചതു്.

നോമ്പും ഉപവാസവും കൊണ്ടുള്ള പ്രയോജനങ്ങൾ ദുഷ്കൃത്യങ്ങളിൽ നിന്നു നമ്മെ തടുക്കുകയും, ദൈവകോപത്തെ ശാന്തപ്പെടുത്തുകയും ആത്മീയകൃത്യങ്ങൾക്കു നമ്മെ യോഗ്യന്മാരായി തീക്കുകയും ചെയ്യുകയാകുന്നു എന്നു കണ്ടുവല്ലൊ. എന്നാൽ ഇവ ലഭിക്കേണമെങ്കിൽ ഈ തപസ്സുകാലത്തെ വിനിയോഗിക്കേണ്ടിയ വിധത്തേപ്പററിയും അല്പം അറിയേണ്ടതുണ്ട്. അമ്പതുനോമ്പു അനുഷ്ഠിക്കേണമെന്നു തിരുസഭ ചാവദോഷത്തിൻ കീഴ് കല്പിച്ചിരിക്കുന്നു. ഈ കല്പനയെ നിറവേററണമെന്നുള്ളതു മാത്രമല്ലായിരിക്കണം നമ്മുടെ നോമ്പിൻെറ ഉദ്ദേശ്യം. നമ്മുടെ പാപങ്ങളുടെ പ്രായശ്ചിത്തവും, ആശാപാശങ്ങളുടെ നിയന്ത്രണവും എന്നീ രണ്ടുകൂട്ടങ്ങളെ മുൻനിറുത്തിക്കൊണ്ടു ഈ നോമ്പുകാലത്തെ യഥാവിധി വിനിയോഗിച്ചില്ലായെങ്കിൽ ഈ നോമ്പു, ഐശയ്യാദീർഘദർശി പറയുംപോലെ "കർത്താവു തെരഞ്ഞെടുത്തതുപോലെയുള്ള നോമ്പു"ആയിരിക്കുകയില്ല.

ഏതൽ സംബന്ധമായി അറിയേണ്ടിയ രണ്ടാമത്തെ സംഗതി, നോമ്പും ഉപവാസവും പ്രാത്ഥനാസമ്മിശ്രമായിരിക്കണം എന്നാകുന്നു. ഊമപ്പിശാചിനാൽ ബാധിതനായ ഒരുത്തനെ, അവൻെറ പിതാവു മ്ശിഹായുടെ ശിഷ്യരുടെ പക്കൽ കൊണ്ടുചെന്നു. അവക്കു ഈ പിശാചിനെ ഇറക്കാൻ സാധിച്ചില്ല. പിന്നീടു മ്ശിഹായുടെ അടുക്കൽ തന്നെ അവൻ ആനയിക്കപ്പെട്ടു. അവിടുത്തെ ശാസന കേട്ട ഉടനെ പിശാചു അവനെ വിട്ടുമാറിപ്പോയി. 'ഞങ്ങൾക്കു അതിനെ പുറപ്പെടുത്തുവാൻ കഴിയാഞ്ഞതു് എന്തുകൊണ്ട്' എന്നു ശിഷ്യർ മിശിഹായോടു ചോദിച്ചു. അപ്പോൾ അവിടുന്നു "ഈ വക (പിശാചു) ജപവും ഉപവാസവും കൊണ്ടല്ലാതെ മററൊന്നുകൊണ്ടും പുറ

പ്പെട്ടുപോകുന്നതല്ല" എന്നു അവരോടരുളിച്ചെയ്തു. ചില പൈശാചികപരീക്ഷകളെ ഉപവാസംകൊണ്ടു ജയിക്കാം. മറ്റു ചില പരീക്ഷകളിൽ ജപംകൊണ്ടും നമുക്കു വിജയികളാവാം. എന്നാൽ ഈ മപിശാചിനെപ്പോലെ ശക്തിയേറിയ പിശാചുക്കൾക്കു നമ്മുടെ ഹൃദയത്തിൽ നിർഭാഗ്യവശാൽ നാം പ്രവേശനം അനുവദിച്ചുപോയെങ്കിൽ അവരെ നമ്മിൽനിന്നും ബഹിഷ്കരിക്കുന്നതിനും പരീക്ഷകൾവഴിയായി നമ്മുടെ ഉള്ളിൽ കയറിപ്പറ്റുവാനുള്ള അവരുടെ ശ്രമം ഇനിയും സഫലമായില്ലെങ്കിൽ അതിനെ വിഫലമാക്കുന്നതിനും ജപവും ഉപവാസവുമായ രണ്ടായുധങ്ങൾ ഒരുപോലെ ആവശ്യമായിരിക്കുന്നു. ഇതു നമ്മെ ഗ്രഹിപ്പിക്കുവാനായിട്ടാണ് മ്ശിഹാ മേൽ കാണിച്ച വിധത്തിൽ ശിഷ്യരോടരുളിച്ചെയ്തതു്.

മൂന്നാമതായും അവസാനമായും പറയാനുള്ളതു്, നാം ചാവദോഷത്തിൽ ഇരിക്കുന്നു എന്നു കണ്ടാൽ, നോമ്പു തുടങ്ങുന്നതിനോടുകൂടി പാപസങ്കീൎത്തനം ചെയ്യേണമെന്നാകുന്നു. അല്ലാത്തപക്ഷം നോമ്പിന്റെയും ഉപവാസത്തിന്റെയും ഫലം പൂൎണ്ണമായി അനുഭവിക്കുന്നതിനു നമുക്കു സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ ചാവ്ദോഷത്തിൽ സ്ഥിതിചെയ്യുന്ന ഒരാളുടെ സൽകൃത്യങ്ങൾക്കു യാതൊരു സ്വൎഗ്ഗീയ യോഗ്യതയും ലഭിക്കുന്നതല്ല. വി. പൌലോസ് ശ്ലീഹാ പറയുന്നതിനെ കേട്ടാലും "എന്റെ ശരീരം ദഹിപ്പിക്കപ്പെടുന്നതിന്നു ഞാൻ ഏല്പിക്കുകയും എനിക്കു ഉപവി ഇല്ലാതിരിക്കുകയും ചെയ്യുന്നതായാൽ എനിക്കിതുകൊണ്ടു യാതൊരു പ്രയോജനവുമില്ല."

ഇപ്പോൾ പറഞ്ഞ വിധത്തിൽ ഈ നോമ്പുകാലം ചെലഴിച്ചാൽ നമുക്കു അനവധി സ്വൎഗ്ഗീയ യോഗ്യതകൾ സമ്പാദിക്കുകയും പുണ്യജീവിതത്തിന്നാവശ്യമായിരിക്കുന്ന ആത്മികശക്തി പ്രാപിക്കുകയും ചെയ്യാവുന്നതാണ്. ശരീരത്തെ ദണ്ഡിപ്പിച്ചു കീഴമൎത്തി ജീവിക്കുക അത്ര സുകരമല്ലെന്നു മാത്രമല്ല മനുഷ്യസ്വഭാവം വെറുക്കുന്ന ഒരു സംഗതിയുമാണ്. അതുകൊണ്ടു "മാംസേച്ഛപോലെ നീ ജീവിച്ചാൽ നീ മരിക്കും; എന്നാൽ അരൂപി വഴിയായി മാംസത്തിന്റെ പ്രവൃത്തികളെ നിഗ്രഹിച്ചാൽ നീ ജീവിക്കും" എന്ന ശ്ലീഹായുടെ ഈ വാക്യം നമുക്കു ധൈൎയ്യപ്രദമായിരിക്കട്ടെ.

.ഐ . ദ . ഫ

---

## ഈശോയുടെ കഷ്ടാനുഭവങ്ങളെക്കുറിച്ചുള്ള ധ്യാനം.

കഷ്ടാനുഭവങ്ങൾക്കുമുമ്പു നമ്മുടെ കൎത്താവീശോമ്ശിഹാ, തന്റെ തിരുമാതാവിന്റെ അടുക്കൽ ചെന്നു അനുവാദം ചോദിക്കുന്നു.

പെസഹാവ്യാഴാഴ്ച രാത്രി നമ്മുടെ രക്ഷനാഥൻ ഈശോമ്ശിഹാ ഏറ്റം വലിയ ദുഃഖത്തോടുകൂടി തന്റെ തിരുമാതാവിന്റെ അടുക്കൽ ചെന്നു ഇപ്രകാരം പറഞ്ഞു. "എന്റെ മാതാവെ! മനുഷ്യരുടെ പാപങ്ങൾമൂലം പിതാവായ സൎവ്വേശ്വരന്റെ നീതിക്കു ശരിയായി ഉത്തരിക്കുന്നതിനുവേണ്ടി ഞാൻ കുരിശിൽ തൂങ്ങി മരിക്കുവാൻ കാലം അടുത്തിരിക്കുന്നു. അതിനുള്ള നിന്റെ അനുവാദത്തിനായിട്ടാണ് ഞാൻ ഇപ്പോൾ വന്നിരിക്കുന്നതു്. ഞാൻ മരണത്തിന്നു തയ്യാറായിരിക്കുന്നു. അതിനാൽ, നീ കഠിനമേറിയ വ്യാകുലം അനുഭവിക്കേണ്ടിവരും. ഞാൻ കുരിശിൽ തൂങ്ങി അനുഭവിക്കുന്ന പീഢയെക്കാൾ അധികം ദുഃഖം നീ അനുഭവിക്കുന്ന വ്യാകുലം നിമിത്തം എനിക്കുണ്ടാകും. ഞാൻ നിന്നെ വിട്ടുപിരിഞ്ഞുപോയാലും ഹൃദയം വഴിയായി നിന്റെ അടുക്കൽ ഉണ്ടായിരിക്കും. എന്റെ മാതാവെ! നീ ധൈൎയ്യമായിരിക്കുക. നീ എന്റെ മാതാവാണെന്നുള്ള അടയാളം ഇപ്പോൾ സകല മനുഷ്യൎക്കും അറിയിക്കപ്പെടണം. അതു എങ്ങിനെയെന്നാൽ, ഞാൻ കണക്കില്ലാത്ത പീഢകളും, അപമാനങ്ങളും അനുഭവിച്ചു മരിക്കുവാൻ മനസ്സായിരിക്കുന്നു. അതുപോലെതന്നെ നീയും ആ വക വേദനകളെല്ലാം ദൃഷ്ടിയാൽ കണ്ടുകൊണ്ടു മരിക്കാതെ വ്യാകുലപ്പെടുവാൻ ധൈൎയ്യമായിരിക്കണം. എന്റെ ശിഷ്യരേയും, തിരുസ

ഭയേയും നീ പരിപാലിക്കണം. നീ ഭീരുക്കൾക്ക ധൈൎയ്യവും, വ്യാകുലന്മാൎക്ക ആശ്വാസവും ആയിരിക്കണം. നിന്റെ ഹൃദയം കഠിന ദുഃഖത്തിൽ അകപ്പെടാതിരിപ്പാൻവേണ്ടി ഞാൻ ഇപ്പോൾ ഇത്രമാത്രമെ പറയുന്നുള്ളു. നീ എനിക്ക ചെയ്തതന്ന ഉപകാര സഹായങ്ങളെക്കുറിച്ചു ഞാൻ നന്ദിയുള്ളവനായിരിക്കും.' എന്നും മററുമുള്ള ചില വചനങ്ങൾ പറഞ്ഞതിന്റെശേഷം, മാതാവിനെ വിട്ടു ശിഷ്യരോടുകൂടെ പൂങ്കാവനത്തിലേക്ക പോയി. ഈ ഒന്നാം ധ്യാനത്തിൽ ഇത്രയും പറഞ്ഞു നിറുത്തുന്നു. ഇനി, ഈ കേട്ട കാൎയ്യങ്ങളിൽനിന്നു നമുക്ക ആത്മീയ ഫലം ലഭിക്കത്തക്കവണ്ണം അവയെപ്പററി ധ്യാനിക്കാം.

ഈശോമ്ശിഹായ്ക്കു തന്റെ തിരുമാതാവിന്റെ നേരെ ഉള്ള സ്നേഹം എത്രമാത്രമെന്നു പറഞ്ഞറിയിപ്പാൻ അസാദ്ധ്യം. ഇങ്ങിനെയുള്ള തന്റെ മാതാവിനെ വിട്ടുപിരിയുന്നതിലുള്ള വ്യാകുലം താൻ സഹിച്ചതു നമുക്കവേണ്ടിയല്ലയോ? തീൎച്ചയായും നമുക്കവേണ്ടിത്തന്നെയാണ്. നമുക്ക മനുഷ്യരുടെയും, വസ്തുക്കളുടെയും, പണത്തിന്റെയും നേരെ എത്രയൊ പാപകരമായ സ്നേഹം ഉണ്ടായിരിക്കുന്നു. അവകളുടെ നേരെയുള്ള മിതമററ ഈ സ്നേഹം വിട്ടുപേക്ഷിക്കുന്നതിൽ നമുക്ക എത്ര വലിയ വിഷമതകളാണ് നേരിടുന്നത്. ഈ വക സ്നേഹം മൂലം നിത്യനാശത്തിൽ ഉൾപ്പെടുന്നവരും ഒട്ടും കുറവല്ലല്ലൊ. നമുക്കവേണ്ടി അങ്ങേ തിരുമാതാവിന്റെ നേരെയുള്ള അമൂല്യ സ്നേഹത്തെ വിട്ടുപേക്ഷിപ്പാൻ തിരുമനസ്സായ ഈ രക്ഷനാഥനെക്കുറിച്ചു നാം നമ്മുടെ പാപകരമായ എല്ലാ സ്നേഹവും വിട്ടുപേക്ഷിക്കേണ്ടിയിരിക്കുന്നു.

മ്ശിഹാ തന്റെ മാതാവിന്റെ അടുക്കൽ ചെന്നു അനുവാദം ചോദിച്ചപ്പോൾ, വീണ്ടും മുമ്പെപ്പോലെ തന്റെ മാതാവിനോടുകൂടി ഒന്നിച്ചു ജീവിപ്പാൻ നിവൃത്തിയില്ലെന്നുള്ളതും അവിടുന്ന് നല്ലവണ്ണം അറിഞ്ഞിരുന്നു. അതുകൊണ്ടു, ഈശോമ്ശിഹായ്ക്കുണ്ടായിരുന്ന വ്യാകുലം എത്ര കഠിനമായതായിരുന്നു. താനാ വ്യാകുലം മുഴുവൻ പൂൎണ്ണമനസ്സോടുകൂടി അനുഭവിച്ചതു നമുക്കവേണ്ടിയാണ്. അവിടുന്നു നമ്മുടെ നേരെ കാണിച്ചിരിക്കുന്ന ഈ വലിയ സ്നേഹത്തെ വിചാരിച്ചു നാം എല്ലാവരും അവിടത്തെ നേൎക്ക അധികം സ്നേഹമുള്ളവരായിരിക്കണം. നമുക്കുള്ള സ്നേഹം മുഴുവൻ പൂൎണ്ണമനസ്സോടു കൂടെ അങ്ങേയ്ക്കു നാം കാഴ്ചവെയ്ക്കണം.

ആ സമയം ദേവമാതാവു അനുഭവിച്ച വ്യാകുലത്തെക്കുറിച്ചും സ്വല്പം ധ്യാനിപ്പാൻ നമുക്കാവകാശം ഉണ്ട്. ഒരു നായാട്ടുകാരൻ ഒരു മാൻകുട്ടിയെ നായാടികൊണ്ടുപോയാൽ അതിന്റെ തള്ള മാൻ എത്ര വളരെ ദുഃഖിക്കുമെന്നും, എത്ര നാൾ ഇരയെടുക്കാതെ അതിന്റെ കുട്ടിയെ അന്വെഷിച്ചു നടക്കുമെന്നുമുള്ളതും നമുക്കറിവുള്ളതാണല്ലൊ. ഒരു മൃഗത്തിനു അതിന്റെ കുട്ടിയുടെ നേരെ ഇത്ര വലിയ സ്നേഹമുണ്ടെങ്കിൽ, മനുഷ്യൎക്ക തങ്ങളുടെ കുട്ടികളുടെ നേരെ എത്ര വലിയ സ്നേഹമുണ്ടായിരിക്കണം. സകല മാതാക്കൾക്കും തങ്ങളുടെ കുട്ടികളുടെനേരെയുള്ള സ്നേഹത്തെക്കാൾ എത്ര വലിയ സ്നേഹമാണ് ദേവമാതാവിനു തന്റെ തിരുപുത്രന്റെനേരെ ഉണ്ടായിരുന്നത്. ദേവമാതാവിനു ആ ഒരു പുത്രനല്ലാതെ വേറെ പുത്രന്മാരില്ലായിരുന്നു. മാത്രമല്ലാ അ പുത്രൻ ദേവമാതാവിന്റെ സ്രഷ്ടാവും കൂടെയായിരുന്നു. അതുകൊണ്ടു ഈശോമ്ശിഹായിൽ ദേവമാതാവിനു എന്തുമാത്രം സ്നേഹമുണ്ടായിരുന്നെന്നു പറഞ്ഞറിയിപ്പാൻ നിവൃത്തിയില്ലാ. മാതാവിനു എന്തുമാത്രം സ്നേഹമുണ്ടായിരുന്നൊ അത്രമാത്രം വ്യാകുലവും മ്ശിഹായെ വിട്ടുപിരിയുന്നതിൽ അ അമ്മയ്ക്കുണ്ടായിരുന്നു. അതിനാൽ, ദേവമാതാവ് എന്തു മാത്രം വ്യാകുലം, അനുഭവിച്ചെന്നു നാം ഒന്നു മനസ്സിരുത്തി ധ്യാനിക്കണം. അ അമ്മയുടെ വ്യാകുലത്തിന്മേൽ നാം ഭക്തിയുള്ളവരായിരിക്കുകയും വേണം.

മ്ശിഹാ നമുക്ക കാണിച്ചുതന്നിരിക്കുന്ന ഇത്ര അപൂൎവ്വമായ സ്നേഹത്തെക്കണ്ടു തനിക്ക ഏററം ഇഷ്ടമായിരിക്കുന്ന പുണ്യം ഏതൊ, അതു നാം ചെയ്തുകൊണ്ടു തന്നെ സ്നേഹിക്കയും സന്തോഷിപ്പിക്കയും ചെയ്യണം. തനിക്ക ഏററം ഇഷ്ടപ്പെട്ട പുണ്യം ഇന്നതെന്നു ഒരത്ഭുതസംഭവംകൊ

ണ്ടു വെളിപ്പെട്ടുത്താം.

വടക്കെ രാജ്യത്തിൽ പുണ്യാത്മാവായ ഒരു ഋഷി വളരെ വൎഷം വനത്തിൽ തപസ്സുചെയ്തുകൊണ്ടു ജീവിച്ചുവന്നിരുന്നു. ദൈവത്തോടുള്ള അദ്ദേഹത്തിൻെറ ഒരു യാചന ഇപ്രകാരമായിരുന്നു. "എൻെറ സൎവ്വേശ്വരാ! കൎത്താവെ! എല്ലാ പുണ്യങ്ങളിൽവെച്ചു അങ്ങേയ്ക്കു ഏററം ഇഷ്ടമായിരിക്കുന്ന പുണ്യം ഏതാണെന്നറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു." ഇങ്ങിനെ അദ്ദേഹം മഹാ ഭക്തിതീക്ഷ്ണതയോടുകൂടെ അനേകം വൎഷം അപേക്ഷിച്ചുകൊണ്ടു വരുകയിൽ ഒരു കാഴ്ചകണ്ടു്. നഗ്നശരീരനും സൎവ്വാംഗങ്ങളിൽനിന്നും രക്തപ്രവാഹത്തോടുകൂടിയ മുറിവുകൾ ഉള്ളവനും തോളിൽ കുരിശു വഹിച്ചിരുന്നവനുമായ ഒരാളായിരുന്നു ഈ ദൎശനവിഷയം. ഇതു കണ്ടു ഉടനെ പരിഭ്രമത്തോടും, സഹതാപത്തോടുംകൂടി അങ്ങിന്നു ആരാണു് എന്നു ചോദിച്ചു. "ഞാൻ ഈശോമ്ശിഹാ തന്നെയാണു്. ഏതു പുണ്യത്തിന്മേലാണു് എനിക്കധികം ഇഷ്ടമെന്നു അറിയുവാൻ നീ ആഗ്രഹിക്കുന്നു എന്നുള്ള അപേക്ഷനിമിത്തമാണു് ഞാനിവിധത്തിൽപ്രത്യക്ഷനായിരിക്കുന്നതു്. ഞാൻ ചുമന്ന കുരിശു ചുമന്നുകൊണ്ടുപോകുവാൻ ആരെങ്കിലും എന്നെ സഹായിച്ചാൽ ആ പുണ്യത്തിന്മേലാണു് എനിക്കു അധിക ഇഷ്ടം" എന്നരുളിച്ചെയ്തു. "ഞാൻ എങ്ങിനെ ഈ പുണ്യംചെയ്യും." "ഞാൻ മനുഷ്യൎക്കുവേണ്ടി അനുഭവിച്ച അപമാനം, വ്യാകുലം, പീഡകൾ ആദിയായവകളെക്കുറിച്ചു സദാ ചിന്തിച്ചു്, അലിവോടുകൂടിയ നിൻെറ ഹൃദയം എൻെറ നേരെ ഉണ്ടായിരുന്നാൽ അതു എൻെറ കഷ്ടാനുഭവങ്ങളിൽ എന്നെ നീ സഹായിക്കുന്നതുപോലെയാകുന്നു" എന്നരുളിച്ചെയ്തു. അനന്തരം കാഴ്ചമറഞ്ഞു.

ക്രിസ്ത്യാനികളെ! നിങ്ങൾ ഈശോമ്ശിഹായ്ക്കു ഇഷ്ടമുള്ളവരായി ജീവിപ്പിൻ. അവിടുത്തേക്കു ഏററം ഇഷ്ടമുള്ളതു ഇന്നതാണെന്നു മേൽ എഴുതിയ സംഭവത്തിൽനിന്നു അറിയാവുന്നതുമാണല്ലൊ. അകയാൽ മ്ശിഹായുടെ പീഡകളെക്കുറിച്ചു നിങ്ങൾ സദാ ധ്യാനിച്ചു, അങ്ങേനേരെ അലിവും, സ്നേഹവും ഉള്ളവരായിരുന്നാൽ നിങ്ങളുടെമേലും അങ്ങിന്നു അലിവും സ്നേഹവുമുള്ളവനായിരിക്കും.

V. V. T.

## വി: യൌസേപ്പുപിതാവിൻെറ ജീവചരിത്രം.

ഈ മഹാ പുണ്യവാനെപ്പററി നമുക്കു ലഭിച്ചിട്ടുള്ള അറിവു വളരെ പരിമിതമാണു്. ചരിത്രലക്ഷ്യങ്ങളും മററും നന്നേ ചുരുങ്ങും. സുവിശേഷങ്ങളിലും ഒന്നുരണ്ടു സ്ഥലങ്ങളിൽ മാത്രമെ പരിശുദ്ധ മറിയത്തിൻെറ ഭൎത്താവിനെപ്പററി പ്രസ്താവിച്ചുകാണുന്നുള്ളൂ. എൻെറ വായനയിൽ, ഈ മഹാത്മാവിനെക്കുറിച്ചു ലഭിച്ചിട്ടുള്ള ഏതാനും അറിവുകളെ അടിസ്ഥാനമാക്കി ചില വിവരങ്ങൾ ചുവടേ ചേൎത്തുകൊള്ളുന്നു.

യൂദായുടെ ഗോത്രത്തിൽ രാജവംശജന്മാരിൽനിന്നാണു വിശുദ്ധ യൌസേപ്പിൻെറ ജനനം. അവിടുത്തെ ജനനസ്ഥലം ദാവീദിൻെറയും തൻെറ പിൻഗാമികളുടെയും പ്രധാനപട്ടണമായിരുന്ന ബേസ്ലഹമാണെന്നും അതല്ല, നസറേത്താണെന്നും ഉള്ള തൎക്കം ഇനിയും അവസാനിച്ചിട്ടില്ല. ഗൌറിയേൽ മാലാഖാ "മംഗലവാൎത്ത" അറിയിക്കുന്നതിനു കുറേ മുമ്പായി മാർ യൌസേപ്പു പിതാവിൻെറ താമസം നസറേത്തിൽ ആയിരുന്നു എന്നുള്ളതു നിസ്തൎക്കവുമാണു്. മിക്കവാറും നസറേത്തിൽവച്ചായിരിക്കും പരിശുദ്ധ കന്യകയുടേയും യൌസേപ്പു പിതാവിൻെറയും വിവാഹം നടന്നതും. (?) ഈ വിവാഹത്തിനു മുമ്പേ മെൽക്കാ എന്നോ സലോമ എന്നോ പേരുള്ള ഒരു സ്ത്രീയെ താൻ വിവാഹം ചെയ്തിരുന്നെന്നും ആ ബാന്ധവത്തിൽ രണ്ടു പെൺകുട്ടികളും നാലു ആൺകുട്ടികളും വി. യൌസേപ്പു പിതാവിനുണ്ടായിരുന്നെന്നും മററും ചിലരൊക്കെ മുൻകാലങ്ങളിൽ ശങ്കിച്ചിരുന്നു. എന്നാൽ ഇതു് കേവലം സ്വപ്നംതന്നെയെന്നു് വി. ഈറാനിമ്മോസ് മുതലായ മഹാത്മാക്കൾ കാരണസഹിതം തെളിയിച്ചിട്ടുണ്ടു്. ഇതിനു വിപരീതമായിട്ടുണ്ടായ

ചില ഗ്രന്ഥകാരന്മാരുടെ പ്രലപനങ്ങൾ ക്രിസ്തീയലോകം ഒട്ടുക്കു നിഷേധിക്കുയും അവിശ്വസിക്കയും ചെയ്തിട്ടുള്ളതുമാണ്.

പരിശുദ്ധ കന്യകമറിയം ചെറുപ്പം മുതൽക്കേ ദേവാലയത്തിലാണല്ലൊ വസിച്ചിരുന്നതു്. അവിടെവച്ചു താൻ നിത്യ കന്യാത്വവും പ്രതിജ്ഞ ചെയ്തിരുന്നു. എന്നാൽ ൰൩ൽ വയസ്സിൽ താൻ വിവാഹാന്തസ്സിൽ പ്രവേശിക്കേണമെന്ന് ഒരു ദൈവിക സന്ദേശമുണ്ടായി. മറിയത്തിന്റെ വിവാഹം നടത്തുന്നതിന്നായി വേണ്ട ഒരുക്കങ്ങൾ ചെയ്യണമെന്നും അതേപ്പററി ആലോചിപ്പാനായി മററു ഗുരുക്കന്മാരുടെ ഒരു യോഗം വിളിച്ചുക്രൂട്ടേണമെന്നും അക്കാലത്തെ പ്രധാനാചാര്യനായിരുന്ന വി ശെമഓനോടു ദൈവം ആജ്ഞാപിച്ചു. വി. ശെമഓൻ ഇപ്രകാരം ചെയ്കയും ഇക്കാര്യത്തിൽ ഇതുപോലെ വീണ്ടും ദൈവ അരുളപ്പാടുണ്ടായതിനാൽ ദൈവേഷ്ടത്തെ അറിയേണ്ടതിന്നു മറിയത്തിന്നനുയോഗ്യനായ ഭർത്താവ് അത്ഭുതമായി വെളിപ്പെടുത്തപ്പെടേണമെന്നും അവൻ ദാവീദിന്റെ വംശജനായിരിക്കേണമെന്നും അപ്പോൾ യേറുസലത്തിലുള്ള ദാവീദുവംശത്തിലുൾപ്പെട്ട പരിണീതന്മാരല്ലാത്ത എല്ലാ യുവാക്കന്മാരേയും ദേവാലയത്തിലേക്കു ക്ഷണിക്കണമെന്നും മററും അവർ നിശ്ചയിക്കയും ചെയ്തു. ഇവരെ ക്ഷണിച്ചു വരുത്തുവാൻ നിശ്ചയിച്ചിരുന്നതിനു ഒൻപതുദിവസം മുൻപുമാത്രമേ ഇക്കാര്യങ്ങൾ മറിയത്തിനെ അറിയിച്ചുള്ളു. തനിക്ക് അത്യന്തം മനോവ്യഥയെ ഉളവാക്കിയ ഈ സംഗതിയിൽ ദൈവതിരുമനസ്സ് പൂർത്തിയാകട്ടെ എന്നുള്ള ചിന്തയോടെ തന്റെ തീക്ഷ്ണതയേറിയ പ്രാർത്ഥനയും ധ്യാനവും ശതഗുണീഭവിപ്പിക്കുകയാണു മറിയം ഈ ദിവസങ്ങളിൽ ചെയ്തതു്. എന്നാൽ ദൈവം മറിയത്തെ ഇങ്ങനെ ആശ്വസിപ്പിച്ചിരുന്നു:– "എന്റെ അനുഗ്രഹത്താൽ നിന്റെ സച്ചിന്തകളുടെ പൂർത്തീകരണത്തിൽ നിന്നെ സഹായിക്കുന്ന ഒരു വരനേയാണു നിനക്കു നൽകാനിരിക്കുന്നതു്. അവൻ ഒരു വിധത്തിലും നിന്റെ നിശ്ചയങ്ങൾക്കു വിപരീതമായി പ്രവർത്തിക്കയില്ല. എന്റെ വിശ്വസ്ത ദാസന്മാരിൽനിന്നും സുകൃതസമ്പൂർണ്ണനേയും എന്റെ ഇഷ്ടത്തിന്നു പ്രത്യേകം പാത്രീഭവിച്ചിട്ടുള്ളവനേയുമാണു നിനക്കായിട്ടു ഞാൻ തെരിഞ്ഞെടുക്കുന്നതു്."

ആചാര്യന്മാർ നിശ്ചയിച്ചിരുന്ന ദിവസമായപ്പോൾ മറിയത്തിന്നു ൰൪ വയസ്സു കഴിഞ്ഞിരുന്നു. ദാവീദിന്റെ കുടുംബത്തിൽനിന്നും ക്ഷണിക്കപ്പെട്ടവർ എല്ലാവരും ദേവാലയത്തിൽ സന്നിഹിതരായി. ഇക്കൂട്ടത്തിൽ മുപ്പത്തിമൂന്നുവയസ്സു പ്രായമുള്ള യൌസേപ്പും ഉണ്ടായിരുന്നു. യൌസേപ്പിന്റെ ൰൨ാമത്തെ വയസ്സിൽ താനും നിത്യബ്രഹ്മചര്യത്വം ദൈവത്തോടു വാഗ്ദാനം ചെയ്തിരുന്നു. തൻമൂലം യൌസേപ്പു സർവ്വവിധേനയും നിഷ്കളങ്കനുമായിരുന്നു. മറിയത്തോടു മൂന്നാം ശാഖയിൽ യൌസേപ്പു സംബന്ധിതനായിരുന്നുവെന്നതും പ്രസ്താവ്യമാണ്. ദൈവ തോന്നിപ്പാൽ പ്രധാനാചാര്യൻ അവിടെ ക്രൂടിയിരുന്ന എല്ലാ യുവാക്കന്മാൎക്കും ഓരൊ ഉണങ്ങിയ വടികൾ നൽകി. ഇതുവഴിയായി ദൈവം, മറിയത്തിന്റെ ഭർത്താവാകേണ്ട ആളിനെ വെളിപ്പെടുത്തിക്കൊടുക്കേണമെന്നായിരുന്നു തന്റെ ഉദ്ദേശ്യം. ഇതിന്റെ ശേഷം എല്ലാവരും ക്രൂട്ടമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മറിയത്തിന്റെ സുകൃതജീവിതത്തേയും താൻ ഒരേക സന്താനമാകയാൽ മാതാപിതാക്കന്മാരുടെ സ്വത്തിന്റെഅവകാശത്തേയും ഗ്രഹിച്ചിരുന്ന ഓരോരുത്തനും തന്റെ തന്റെ ഭാര്യയായി മറിയത്തെ ലഭിക്കണമെന്നാഗ്രഹിച്ചിരുന്നു. എന്നാൽ ഇതിനു കേവലം അയോഗ്യനെന്നു തന്റെ വിനയാധിക്യത്താൽ കരുതിയിരുന്ന യൌസേപ്പിന്റെ പക്കലുണ്ടായിരുന്ന ശുഷ്കദണ്ഡം തളിൎക്കുന്നതായും ഒരു വെണ്മയേറിയ മാടപ്രാവു പറന്നിറങ്ങി തന്റെ ശിരസ്സിനെ പ്രകാശിപ്പിക്കുന്നതായും എവൎക്കും കാണപ്പെട്ടു. അനന്തരം ലോകാതീതമായ ഈ അടയാളത്താൽ നിർദ്ദിഷ്ടനായ യൌസേപ്പിനെ മറിയത്തിനു ഭർത്താവായി നൽകുകയും ചെയ്തു. ഈ വിവാഹം നടന്നതു് സെപ്റ്റംബർ (കന്നി) ൮-ാംനു ആണെന്നു പറയപ്പെടുന്നു. വിവാഹം നസറേത്തിൽ വച്ചായിരുന്നു എന്ന അഭിപ്രായത്തോടു യോ

ജിക്കാതെ ഇതിന്റെശേഷമാണ് നസറേത്തിലേക്കപോയതു് എന്ന ചിലർ വാദിക്കുന്നു. അവിടെച്ചെന്നു് മറിയത്തിന്റെ മാതാപിതാക്കന്മാരായ അന്ന, യോവാക്കിം എന്നിവരിൽനിന്നും ലഭിച്ചിരുന്ന സ്വത്തിനെ മൂന്നായി ഭാഗിച്ചു് ഒരു ഭാഗം താൻ വിദ്യാഭ്യാസം ചെയ്തിരുന്ന ദേവാലയത്തിന്നായും മറ്റൊരു ഭാഗം സാധുക്കൾക്കായും മൂന്നാമത്തെ ഭാഗം തന്റെ ഭർത്താവായ യൌസേപ്പിന്റെ അധികാരത്തിലേക്കും മറിയം വിട്ടുകൊടുത്തു.

വി. യൌസേപ്പു പിതാവിന്റെ ഗൃഹത്തിനു മൂന്നു മുറികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവയിൽ ഒന്നു് തന്റെ ശയനത്തിനായിട്ടും വേറൊന്നു് തന്റെ പണിപ്പുരയായിട്ടും ഉപയോഗിച്ചിരുന്നു. ഇതിൽതന്നെയായിരുന്നു തന്റെ ശില്പവേലകൾക്കാവശ്യപ്പെട്ട ഉപകരണങ്ങൾ സൂക്ഷിച്ചിരുന്നതും. ആ സ്വർഗ്ഗീയരാജ്ഞി വാണിരുന്നതാണ് ശേഷിച്ചിട്ടുള്ള മൂന്നാമത്തെ മുറി. ഇതിനകത്തു വി. യൌസേപ്പിനാൽ നിർമ്മിതമായ ഒരു ചെറിയ കട്ടിലിൽ ആണ് ഈ നാഥ വിശ്രമിക്കാറു പതിവു്. പ്രായേണ പരിശുദ്ധ കന്യക ഈ മുറിയിൽ തന്നെ ഉണ്ടായിരിക്കും. ചുരുക്കമായിട്ടു മാത്രമെ പുറത്തിറങ്ങി സഞ്ചരിച്ചിരുന്നുള്ളൂ. വിവാഹം മുതൽക്കേ ഈ ക്രമം അനുസരിച്ചായിരുന്നു തന്റെ ജീവിതം. സ്വപതിയുടെ സ്ഥാനമാഹാത്മ്യത്തെപ്പറ്റി അറിയുന്നതുവരെ വിശുദ്ധ യൌസേപ്പു് അപൂർവ്വമായിട്ടു മാത്രമെ ഇവരെ സന്ദർശിച്ചിരുന്നുള്ളൂ. ഈ സന്ദർശനവും തക്കതായ വല്ല ആവശ്യവും പ്രമാണിച്ചല്ലാതെ ചെയ്തിരുന്നുമില്ല. എന്തെന്നാൽ സാധാരണ താൻ തന്റെ ശില്പവേലയിലും തന്റെ ഭാഗ്ഗ ധ്യാനത്തിലും കഴിച്ചുകൂട്ടിയിരുന്നു. എന്നാൽ ഈ കന്യകയുടെ പ്രതാപോന്നതി വി. യൌസേപ്പിനു് അറിയപ്പെട്ടതു മുതൽ താൻ സാധാരണ ഇവരെ സന്ദർശിക്കയും വല്ല സാഹായ്യങ്ങളും വേണ്ടതായി ഉണ്ടോ എന്നു് അന്വേഷിക്കുന്നതിനു പ്രത്യേക താല്പര്യം പ്രദർശിപ്പിക്കയും ചെയ്തിരുന്നു. വളരെ വിനയത്തോടും ബഹുമാനത്തോടും കൂടി മാത്രമെ ഇവരുടെ സമീപെ പോയിരുന്നുള്ളൂ. അതും പരിശുദ്ധ കന്യക എന്തു ജോലിയിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നു ശ്രദ്ധിച്ചതിന്റെ ശേഷമായിരുന്നു. പലപ്പോഴും ധ്യാനപാരവശ്യത്തിൽ നിമഗ്നയായും പ്രകാശകതിരുകളാൽ സവിശേഷം ആവൃതയായും മററു ചിലപ്പോൾ ദൈവദൂതന്മാരുമായി സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നതായും താൻ തന്റെ പതിയെ ദർശിച്ചിട്ടുണ്ടു്. ചില സന്ദർഭങ്ങളിൽ ഒരു കുരിശിന്റെ ആകൃതിയിൽ സാഷ്ടാംഗം നിലംപതിച്ചു സർവ്വേശ്വരനുമായി സംഭാഷിച്ചുകൊണ്ടിരുന്നു. ഈ അവസരങ്ങളിലൊക്കെ നമ്മുടെ വിശുദ്ധൻ അത്യന്തം ഭക്ത്യാദരപൂർവ്വം ഈ കന്യകയെ ദർശിക്കയും തനിക്കു ലഭിച്ച ഭാഗ്യവിശേഷത്താൽ ആനന്ദിക്കയും ചെയ്തു പതിവായിരുന്നു. മാലാഖാമാരുടെ അതിമധുരങ്ങളായ സ്നേഹസല്ലാപങ്ങൾ കേൾക്കുന്നതിനും ആത്മീയാനന്ദാധിക്യത്താൽ തന്നെ മുഴുവനും പരിപൂരിതനാക്കിച്ചെയ്യുന്ന ആ സ്വർഗ്ഗീയ സുരഭിലതയെ ആസ്വദിക്കുന്നതിനും ഉള്ള പ്രത്യേക വരം തന്റെ അപരിമിത യോഗ്യതകളാൽ വിശുദ്ധ യൌസേപ്പിനു നൽകപ്പെട്ടിരുന്നു.

ഈ ദമ്പതിമാർ തങ്ങളുടെ വീട്ടിൽ ദാസന്മാരെ സാധാരണയായി വസിപ്പിച്ചിരുന്നില്ല. ഇതിനു അവരുടെ വിനയസ്വഭാവവും പ്രത്യേകം അവിടെ മിക്കപ്പോഴും ഉണ്ടാകാറുള്ള അത്ഭുത സംഭവങ്ങൾ അന്യദൃഷ്ടിയിൽ പെടുന്നതു് അനുചിതമായിരിക്കുമെന്നുള്ള അവരുടെ നിശ്ചയവുമാണു കാരണം. നമ്മുടെ ഭാഗ്യവതിയായ നാഥ തക്ക കാരണങ്ങളാൽ നിർബന്ധിക്കപ്പെട്ടെങ്കിൽ മാത്രമെ വെളിക്കിറങ്ങി സഞ്ചരിച്ചിരുന്നുള്ളൂ. തങ്ങളുടെ അയൽവാസിനിയും ചാർച്ചക്കാരിയുമായ ഒരു സ്ത്രീ ഇവരുടെ ഗാർഹികമല്ലാതെ പുറമേയുള്ള കാര്യങ്ങൾ അന്വേഷിച്ചിരുന്നു. പരിശുദ്ധ കന്യക മഹാത്മാവായ സ്കറിയായുടെ ഗൃഹത്തിൽ പോയിരുന്നപ്പോൾ ഈ സ്ത്രീയാണ് വിശുദ്ധ യൌസേപ്പുപിതാവിനെ ശുശ്രൂഷിച്ചിരുന്നതു്. ഇതിന്റെയൊക്കെ പ്രതിസമ്മാനം അവൾക്കു ധാരാളമായി ലഭിക്കാതെയുമിരുന്നില്ല. ഈ തിരുക്കുടുംബത്തിനു ചെയ്തിരുന്ന സഹായോപകാരങ്ങൾ മൂലം ത

നിക്ക് ആത്മീയപരിപൂർണ്ണത മാത്രമല്ല തന്റെ വീട്ടുകാര്യങ്ങൾക്കുപോലും ശ്രേയോഭിവൃദ്ധിയും സിദ്ധിച്ചിരുന്നു. പരിശുദ്ധ കന്യക പലപ്പോഴും ഈ സ്ത്രീയുടെ ദീനങ്ങളെ സുഖപ്പെടുത്തുകയും സ്വർഗ്ഗീയാശീർവ്വചനങ്ങളാൽ അവരെ തൃപ്തിപ്പെടുത്തുകയും ചെയ്തിരുന്നു.

ഈ വിശുദ്ധ ദമ്പതിമാരുടെ ഭക്ഷണം വളരെ മിതമായിട്ടു മാത്രവും ഒന്നിച്ചും ആയിരുന്നു. എന്നാൽ യൗസേപ്പുപിതാവു ചിലപ്പോഴൊക്കെ മാംസവും ഭക്ഷിച്ചിരുന്നുവെങ്കിലും പരിശുദ്ധ കന്യക ഒരിക്കലും അതുപയോഗിക്കാറില്ലായിരുന്നു. എങ്കിലും തന്റെ ഭർത്താവിനുവേണ്ടി അതു പാകം ചെയ്യുന്നതിൽ മടിച്ചിരുന്നുമില്ല. ഇവർ രണ്ടുപേരുടെയും സാധാരണമായ ആഹാരങ്ങൾ അപ്പം, മീൻ, പഴങ്ങൾ, കിഴങ്ങുകൾ മുതലായവ ആയിരുന്നു. ഇവയൊക്കെ തങ്ങളുടെ ജീവത്രാണത്തിന് അത്യാവശ്യപ്പെട്ടിടത്തോളം മാത്രമെ അവർ കഴിച്ചിരുന്നുള്ളു. ഭക്ഷണസാധനങ്ങൾ പരിസരങ്ങളെ അനുസരിച്ചു വ്യത്യാസപ്പെട്ടുമിരുന്നു. (തുടരും)

ഏലേണക്കാട്ടു യൗസേപ്പുകത്തനാർ.

---

കുംഭമാസത്തെ

ഓരോ തീയതികളിലേക്കും വി. പിതാക്കന്മാരുടെ പ്രബന്ധങ്ങളിൽനിന്നെടുത്ത

സാരോപദേശങ്ങൾ

---

൧. ഈ പ്രപഞ്ചവും അതിന്റെ സന്തോഷാദികളും പുകപോലെയും നിഴൽപോലെയും കടന്നുപോകുന്നു. മഹത്വമൊക്കെയും ഇപ്രകാരം അവസാനിക്കുന്നു.

൨. താല്ക്കാലിക സുഖസന്തോഷങ്ങളെ നിത്യമായ പ്രലാപവും പീഡയും അനുഗമിക്കുന്നു.

൩. ഇഹത്തിൽ സുഖങ്ങളൊക്കെ അനുഭവിച്ച ശേഷം പരത്തിൽ മിശിഹായോട്ടുകൂടെ ആനന്ദിച്ചു വാഴുവാൻ പ്രയാസം.

൪. അനിത്യമായവകളെ മിതമായി ഉപയോഗിക്കേണ്ടതും നിത്യവും സ്വർഗ്ഗീയവുമായവകളെ പരിശുദ്ധമായ ഉൽകണ്ഠയോടെ പ്രതീക്ഷിച്ചിരിക്കേണ്ടതുമാകുന്നു.

൫. ചെയ്വാൻ കടപ്പെട്ടവകളിൽ ഒന്നും ഉപേക്ഷിക്കാതെയിരിക്കുന്നതാണ് ദൈവഭക്തി.

൬. നീച കൃത്യങ്ങളൊക്കെയിൽനിന്നു തന്നെത്തന്നെ കാക്കുന്നവൻ, സാക്ഷാൽ ദൈവഭക്തനായിരിക്കുന്നു.

൭. സകലത്തേയുംകാൾ ദൈവത്തെ ഭയപ്പെടുന്നെങ്കിൽ മനുഷ്യരിൽ ആരെയും ഭയപ്പെടുവാനില്ല.

൮. നമുക്കുള്ള ഗുണങ്ങൾ ഒന്നും തന്നെ നമ്മുടെ സ്വന്തമല്ല. അവകളെ ദൈവമനോഗുണങ്ങളായി വിചാരിക്കണം.

൯. ദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്ന സൽഗുണങ്ങൾ സ്വന്തമായി വിചാരിക്കുന്നവൻ ദൈവ മനോഗുണങ്ങളെക്കൊണ്ടു ദൈവത്തെ ദ്രോഹിക്കുന്നു.

൧൦, ശരീര സൗന്ദര്യത്തെക്കാൾ ആത്മാലങ്കാരത്തെ കാര്യമായി മതിക്കേണ്ടതാണ്.

൧൧. ഏതെങ്കിലും പാപതന്ത്രങ്ങൾ നേരിടുമ്പോൾ അവയുടെ മായത്തേയും ലഘുത്വത്തേയും കുറിച്ചു ചിന്തിക്കണം.

൧൨. ഏതെങ്കിലും പാപസംബന്ധമായ പരീക്ഷ വരുമ്പോൾ ഉടനെ അതിനെ നശിപ്പിച്ചു കളയുന്നതായാൽ പ്രവൃത്തിക്കിടവരുന്നതല്ല.

൧൩. ശവസംസ്കാരങ്ങളിൽ പലപ്പോഴും സംബന്ധിക്കുന്നവരായ നാം മരണത്തെപ്പറ്റി ചിന്തിക്കാത്തതു പ്രലാപകരമാണ്.

൧൪. അനർത്ഥങ്ങൾ നാം സഹിക്കേണ്ടി വരുമ്പോൾ ചെയ്ത പാപങ്ങളെ ഓർമ്മിക്കുന്നത് ഉത്തമമാണ്.

൧൫. സങ്കടങ്ങളുടെ കാലത്ത് അവയുടെ പ്രയോജനത്തെ മറന്നുകളയരുത്.

൧൬. ഭാഗ്യകാലത്ത് സങ്കടങ്ങളെ നാം വിസ്മരിക്കേണ്ടതല്ല.

൧൭. സന്താനങ്ങൾ വർദ്ധിക്കുമ്പോൾ പിതാക്കൾക്കു ദ്രവ്യാഗ്രഹവും സാധാരണ വർദ്ധിക്കമാറാകുന്നു.

൧൮. ദ്രവ്യാഗ്രഹം, അഗ്രഹിച്ച വസ്തുക്കൾ ലഭിച്ചാലും, വൎദ്ധിക്കുന്നതല്ലാതെ കുറയുന്നതല്ല.

൧൯. ഇഹത്തിൽ ലുബ്ധിന്റെ അഗ്നിയാൽ കത്തുന്നവർ പരത്തിൽ നരകച്ചൂളയിൽ മൂടപ്പെടുന്നതാണു്.

൨൦. അവസാനമില്ലാതെ അനുഗമിക്കുന്നതു് അറുതിയില്ലാത്തതും, അവസാനമുള്ളതൊക്കെ നിസ്സാരമായതും ആണു്.

൨൧. ഈ ജീവിതത്തിന്റെ കാലച്ചുരുക്കവും അതിന്റെ വലുതായ വ്യൎത്ഥതയും സ്മരണീയമാണു്.

൨൨. നാം നന്മകളെ അഗ്രഹിക്കുന്നെങ്കിൽ അവസാനമില്ലാതെ ലഭിക്കാവുന്നവകളെ മാത്രമേ അഗ്രഹിക്കാവൂ.

൨൩. നാം അനൎത്ഥങ്ങളെ ഭയപ്പെടുന്നെങ്കിൽ ദുഷ്ടന്മാർ അവസാനമില്ലാതെസഹിക്കുന്നവകളെ ഭയപ്പെടണം.

൨൪. നീതിമാന്മാർ ദിവസേന തങ്ങളുടെ കൃത്യങ്ങളെ പരിശോധിക്കയും മനസ്സാക്ഷിക്കു ചേരാത്തവകളെ തിരുത്തുകയും ചെയ്യുന്നു.

൨൫. ബുദ്ധിയിൽ നല്ലതായി തോന്നുന്നതു് പ്രവൃത്തിക്കേണ്ടതാണു്.

൨൬. വിശുദ്ധന്മാരുടെ സുകൃതം അനൎത്ഥങ്ങളാൽ വൎദ്ധിക്കയും പരീക്ഷകളാൽ പൂൎത്തിയാകയും ചെയ്യുന്നു.

൨൭. സകലവിധ പരീക്ഷകളും വിശുദ്ധന്മാൎക്കു പുണ്യവൎദ്ധനയ്ക്കായി ഉപകരിക്കുന്നു.

൨൮. സമ്മതിക്കാത്ത പക്ഷം വിചാരംകൊണ്ടു യാതൊരുപദ്രവവുമുണ്ടാകുന്നതല്ല.

[illegible]

## വി. കുൎബ്ബാനയെബഹുമാനിക്കുന്നതിനുള്ള ചില മാൎഗ്ഗങ്ങൾ.

൧. വിശുദ്ധ കുൎബ്ബാനയെ കൂടെക്കൂടെ സന്ദൎശിക്കുക.

൨. പള്ളികൾക്കു സമീപെ കൂടെ കടന്നുപോകയിൽ തലകുനിച്ചു ആചാരം ചെയ്കയും "മധുരമായ ഈശോയെ അങ്ങേ സ്നേഹത്തിന്റെ കൂദാശയിൽ ഞാനങ്ങെ ആരാധിക്കുന്നു" എന്നു ചൊല്ലി വി. കുൎബ്ബാനയെ വന്ദിക്കുകയും ചെയ്യുക.

൩. കൂടെക്കൂടെ വി. കുൎബ്ബാന ഉൾക്കൊള്ളുക.

൪. നമസ്കരിക്കുമ്പോളെല്ലാം സമീപമുള്ള ദേവാലയത്തിൽ വി കുൎബ്ബാന എഴുന്നള്ളിച്ചുവെച്ചിരിക്കുന്ന സ്ഥലത്തേക്കു തിരിഞ്ഞു നിൽക്കുക.

൫. പലപ്രാവശ്യവും അരൂപിക്കടുത്ത വിധത്തിൽ വി. കുൎബ്ബാന ഉൾക്കൊള്ളുന്നതിനാഗ്രഹിച്ചു ഈവണ്ണം പ്രാൎത്ഥിക്കുക. "എന്റെ ഈശോയെ! നീ ഈ വിശുദ്ധ കൂദാശയിൽ എഴുന്നള്ളിയിരിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു. ഞാൻ നിന്നെ അഗ്രഹിക്കുന്നു. നീ എന്റെ ഹൃദയത്തിൽ എഴുന്നള്ളിവരേണമെ. ഞാൻ നിന്നെ പിടിച്ചു തഴുകുന്നു. ഇനി ഒരിക്കലും നീ എന്നിൽനിന്നു അകന്നുപോകരുതേ"

൬. വിശുദ്ധ കുൎബ്ബാന എഴുന്നെള്ളിച്ചു സംഗ്രഹിച്ചിരിക്കുന്ന പീഠത്തിന്നു ആവശ്യമായ വല്ല അലങ്കാരങ്ങളും പുഷ്പങ്ങളും മെഴുകുതിരികളും കാണിക്കയായി സമൎപ്പിക്കുക.

൭. വി. കുൎബ്ബാനയുടെ വാഴ്വു എന്നു പറയപ്പെടുന്ന വിശിഷ്ട കൎമ്മത്തിൽ പാടുള്ളപ്പോഴെല്ലാം സംബന്ധിക്കുക.

൮. വി. കുൎബ്ബാനയെക്കുറിച്ചു എഴുതപ്പെട്ട പുസ്തകങ്ങൾ വായിക്കുക. (നിത്യാരാധന, പ്രസിദ്ധാരാധന, ക്രിസ്ത്വാനുകാരം ൪-ാംഭാഗം)

൯. സ്വഭവനത്തിലൊ പാൎക്കുന്ന മുറിയിലൊ വി. കുൎബ്ബാനയുടെ ഒരു പടം പൂജ്യമായി വെച്ചുസൂക്ഷിക്കുക.

## തിരുഹൃദയ ഭക്തന്മാർ

൧൯൧൭ കുംഭമാസത്തിൽ ചെയ്യേണ്ട

### പൊതുക്കരുതൽ.

"യുദ്ധത്തിന്റെ ഫലമായി കത്തോലിക്കാതിരുസഭക്കു പൂൎണ്ണവിജയം ഉണ്ടാകണം" എന്നുള്ളതാണു്.

ഈ ഭയങ്കരയുദ്ധംകൊണ്ടു കുടുംബങ്ങൾക്കും ജനങ്ങൾക്കും രാജ്യങ്ങൾക്കും

വന്നിരിക്കുന്ന കഷ്ടനഷ്ടങ്ങൾ ഒട്ടും ചില്ലറയല്ല. കത്തോലിക്കാ തിരുസഭയ്ക്കു സംഭവിച്ചിട്ടുള്ള നാശങ്ങളും ഏത്രയും വലുതായിട്ടുള്ളവയാണ്. ബൽജിയം, ഫ്രാൻസിൻെറ വടക്കേഭാഗം, സേർവിയാ, റുമാനിയാ, പോലണ്ട് ഈ ദേശങ്ങൾ ശത്രുക്കളുടെ കഠിനമായ അക്രമങ്ങൾക്കും ക്രൂരകൃത്യങ്ങൾക്കും ഇരയായിത്തീൎന്നു. ഈ സ്ഥലങ്ങളിൽ എത്രയൊ വിശിഷ്ട ദേവാലയങ്ങൾ, മഠങ്ങൾ, സെമ്മിനാരികൾ, കോളെജ്കൾ ആദിയായവ നശിപ്പിക്കപ്പെട്ടു. എത്രയൊ വൈദികരും കത്തോലിക്കരായ ആളുകളും വധിക്കപ്പെട്ടു. എത്രയൊ പേർ വീടും കുടിയുമില്ലാതെ നിരാശ്രയരായിത്തീൎന്നിരിക്കുന്നു. എത്രയൊ വന്ദ്യ പുരോഹിതന്മാർ യുദ്ധത്തിൽ ഉദ്യമപ്പെട്ടിരിക്കുന്നു. ഇവരുടെ അഭാവം നിമിത്തം എത്രയൊ സെമ്മിനാരികളും കോളെജ്കളും വൈദ്യശാലകളും വേദപ്രചാര സംഘങ്ങളും നിന്നുപോയി. യുദ്ധം നിമിത്തം അനാഥശാലകളുടെ നടത്തിപ്പിന്നും വേദപ്രചാരത്തിന്നും യൂറോപ്പിൽനിന്നു വന്നിരുന്ന വലിയ ദ്രവ്യസഹായം നിന്നുപോയി. ഇപ്പോൾ ഈവക പണം മനുഷ്യവധത്തിന്നുപയുക്തങ്ങളായ ഷെല്ലുകളും, വെടിയുണ്ടകളും, വിമാനങ്ങളും, കുഴനാക്കപ്പലുകളും മററും ഉണ്ടാക്കുന്നതിനായി വിനിയോഗിക്കപ്പെട്ടുവരുന്നു. അയ്യോ ദുഃഖമെ! പ്രലാപകരമായ കാലമെ! ഈ ഭയങ്കര യുദ്ധത്തിൽപോലും കത്തോലിക്കാ സഭയുടെ വിജയം നാം കാണുന്നു. യുദ്ധക്കളത്തിൽ അനേകായിരം പുരോഹിതർ തങ്ങൾക്കു വരാവുന്ന മരണാപത്തിനെ വകവെക്കാതെ മാലാഖമാരെപ്പോലെ ചുററിനടന്നു യോദ്ധാക്കളെ ആശ്വസിപ്പിക്കുന്നു. അന്ത്യക്രൂദാശകൾ കൊടുക്കുന്നു. ദൈവമില്ലെന്നു നടിച്ചിരുന്നവർ ദൈവമെ! രക്ഷിക്കേണമെ എന്നു അപേക്ഷിക്കുന്നു. പുരോഹിതന്മാരെ വെറുത്തിരുന്നവർ ഇപ്പോൾ അവരെ അന്വേഷിക്കുന്നു. അശ്രുധാരകളോടെ പാപോച്ചാരണം ചെയ്യുന്നു. ദൈവഭക്തി ജനങ്ങളിൽ പ്രതിദിനം വൎദ്ധിച്ചുവരുന്നു. പള്ളികൾ ജനങ്ങളാൽ നിബിഡമായിക്കാണപ്പെടുന്നു. പൊതുവേ സ്ത്രീകളിലും പുരുഷന്മാരിലും മിതഭോജനവും ഭക്തിയും വൎദ്ധിച്ചുവരുന്നു. ഇതാണു യുദ്ധത്തിൽ കത്തോലിക്കാ സഭയുടെ വിജയം. എങ്കിലും കത്തോലിക്കാ സഭ രക്ഷയുടെ മാതാവാകയാൽ ഈ ജോലി ശരിയായി നടത്തുന്നതിന്നു എല്ലാ ദേശങ്ങളിലും സമാധാനം ഉണ്ടായിരിക്കേണ്ടതാണ്. ഈശോമ്ശിഹായുടെ സ്ഥാനാപതിയായ പരിശുദ്ധപിതാവു മാർപ്പാപ്പാ തിരുമനസ്സിലേക്കു അവിടുത്തെ ജോലി ശരിയായി നിൎവ്വഹിക്കുന്നതിന്നു പൂൎണ്ണ സ്വാതന്ത്ര്യം ഉണ്ടാകണം. എന്നാൽ പ്രസ്തുത സംഗതികൾ ഏതെല്ലാം പ്രകാരത്തിൽ ആയാൽ നന്നായിരിക്കുമെന്നു നമുക്കു നിശ്ചയിച്ചു വിധി ചെയ്വാൻ പ്രയാസമാണ്. അതുകൊണ്ടു നാം "നിൻെറ തിരുനാമം പരിശുദ്ധമാകട്ടെ; നിൻെറ തിരുമനസ്സു ആകാശത്തിലെപ്പോലെ ഭൂമിയിലുമാകണം" എന്നു പ്രാൎത്ഥിക്കണം. ദൈവമെ! നിന്നെ എല്ലാവരും അറിഞ്ഞു സ്നേഹിച്ചു ആരാധിച്ചു ശുശ്രൂഷിക്കുന്നതിന്നും നിന്നിൽനിന്നല്ലാതെ യാതൊരു ഭാഗ്യവും ശാശ്വതമായിരിക്കയില്ലെന്നും നിന്നിൽനിന്നല്ലാതെ യാതൊരു സമാധാനവും ഐക്യതയും ഉണ്ടാകുവാൻ പാടില്ലെന്നും സകല മനുഷ്യരും ഗ്രഹിക്കുന്നതിന്നും കൃപ ചെയ്യേണമെ" എന്നു ഈ മാസത്തിൽ പ്രത്യേകം അപേക്ഷിക്കണം.

## വിശുദ്ധ ചെച്ചീലിയാ.

(തുടർച്ച.)

വളരെക്കാലത്തേക്കു ചെച്ചീലിയായുടെ ശവക്കല്ലറ എവിടെയെന്നറിയുന്നതിന്ന് കഴിഞ്ഞില്ല. ഈ പുണ്യവതിയുടെ അവസാനകാലത്ത് അവർ പറഞ്ഞിട്ടുള്ള സകല വാക്കുകളും ചെയ്ത പ്രവൃത്തികളും "രക്തസാക്ഷി നടപടികൾ" എന്ന പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. വിശുദ്ധ പത്രോസിൻെറ അടുത്ത പിൻഗാമിയായ വി. ക്ലെമെൻറ് മാർപ്പാപ്പാ ഭാഷാവിദഗ്ദ്ധന്മാരായിരുന്ന ഏഴു പേരെക്കൂട്ടി, ശത്രുക്കളാൽ വധിക്കപ്പെടുന്ന ക്രിസ്ത്യാനികൾ പറയുകയും പ്രവൎത്തിക്കുകയും ചെയ്യുന്നവ സകലവും എഴുതി ശേഖരി

ക്കുന്നതിന് ആജ്ഞാപിച്ചു. അന്നുമുതൽ എല്ലാ മാർപ്പാപ്പാമാരും ആ സമ്പ്രദായം തുടൎന്നു കൊണ്ടുതന്നെപോന്നു. ഇപ്രകാരം വേദസാക്ഷികളുടെ നടപടികൾ എഴുതിയെടുക്കുന്നതിന് ആളുകളെ നിയമിച്ചു എന്ന ഏകകാരണത്താൽ, ആൻടെറസ് എന്ന മാർപ്പാപ്പാ വധിക്കപ്പെട്ടു. ഇങ്ങനെ എഴുതിവച്ചിരുന്ന വിവരണങ്ങൾ അഞ്ചാം ശതാബ്ദത്തിന്റെ ആരംഭകാലത്ത് ഒരു പുസ്തകമായി ശേഖരിക്കപ്പെട്ടു. ഭാഷ ലളിതവും ശക്ത്യുദ്ദീപകങ്ങളായ പ്രയോഗങ്ങളടങ്ങിയതും ആയിരുന്നുവെങ്കിലും വ്യാകരണസംബന്ധമായ ഒട്ടുവളരെ പിശകുകളും അവയിലുണ്ടായിരുന്നു. നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഭാഷാനിപുണന്മാരായ വിശുദ്ധ ആഗുസ്തീനോസ്, ഈറാനീമ്മോസ്, അംബ്രോസീസ് ആദിയായവർ ലത്തീൻഭാഷയുടെ ശുദ്ധതയെ പാലിക്കുന്നതിനു ശ്രമിച്ചു. പക്ഷേ, അഡിസൻ, പോപ്പ് ആദിയായവരുടെ കാലത്തെ ഭാഷയിൽനിന്ന് ഇപ്പോഴത്തെ ഇംഗ്ലീഷ് എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നുവോ, അതുപോലെതന്നെ അഗസ്റ്റസ്സിന്റെ കാലത്തെ ഭാഷയിൽനിന്നു വ്യത്യാസപ്പെട്ട ഒരു ഭാഷയാണ് മററുള്ളവർ എഴുതുകയും സംസാരിക്കുകയും ചെയ്തിരുന്നത്. ഒരു രാജ്യത്തെ ഭാഷ അധോഗതിയെ പ്രാപിക്കുന്നതോടുകൂടി ആ രാജ്യവും ഏറിയക്കുറും അധോഗതിയെ പ്രാപിക്കുന്നതാണല്ലോ.

## XIII.

ഗോത്ത് ജാതിക്കാർ അഞ്ചാം ശതാബ്ദത്തിൽ റോമാപട്ടണം ആക്രമിച്ചപ്പോൾ, അവർ ഉപദ്രവിക്കുന്നതിനു ഭയപ്പെട്ടിരുന്ന സ്ലീഹന്മാരുടെ ശവക്കല്ലറകൾ ഒഴിച്ച്, ക്രിസ്ത്യാനികൾ വിശുദ്ധമെന്നു കരുതിയിരുന്ന മററു സകല വസ്തുക്കളേയും നശിപ്പിക്കുന്നതിനായിരുന്നു അവർ ചെയ്ത ശ്രമം. റോമാനഗരത്തിൽ പ്രവേശിക്കുന്നതിന് എന്തെങ്കിലും രഹസ്യമായ ഒരുവഴി കണ്ടുപിടിക്കാമെന്നും, ധാരാളം ദ്രവ്യങ്ങൾ സമ്പാദിക്കാമെന്നും ഉള്ള ഉദ്ദേശ്യത്തോടുകൂടി അന്തർഗ്ഗുഹകളെ (Catacombs) അവർ ആക്രമിച്ചു. ഈസമയംകൊണ്ട് ചില ശ്മശാനഭൂമികളുടെ വാതിലുകളെ അടച്ച് ശത്രുക്കളുടെ ആക്രമണത്തിൽനിന്നു അവയെ രക്ഷിക്കുന്നതിന് ക്രിസ്ത്യാനികൾ ശ്രമിച്ചിരുന്നു; കൂട്ടത്തിൽ വി. ചെച്ചീലിയായുടെ ശരീരം കിടന്നിരുന്ന സ്ഥലവും അടച്ചിടപ്പെട്ടു. അതിനാൽ കുറേനാളത്തേക്കു ഈ വിശുദ്ധ സ്ഥലങ്ങളെ സന്ദർശിക്കുന്നതിന് ക്രിസ്ത്യാനികൾക്കു സാധിച്ചില്ലെന്നുതന്നെയല്ല, തിരുസഭയ്ക്കു സമാധാനമുണ്ടായി പല വേദസാക്ഷികളുടെ ശരീരങ്ങളും പട്ടണത്തിലേക്കു കൊണ്ടുവരപ്പെട്ടപ്പോൾ ചെച്ചീലിയായുടെ ശരീരം കിടന്നിരുന്ന സ്ഥലം എവിടെയെന്നു ആൎക്കും നിശ്ചയമില്ലാതാകുകയും ചെയ്തു. ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്ന് അവളുടെ ദേവാലയം —ചെച്ചീലിയാ പ്രാൎത്ഥിച്ചിരുന്ന വീട്— രക്ഷിക്കപ്പെട്ടിരുന്നു. എങ്കിലും അതിൽ ചെച്ചീലിയായുടെ അവശിഷ്ടങ്ങളില്ലായിരുന്നതിനാൽ ക്രിസ്ത്യാനികൾക്കതിയായ മനസ്താപമുണ്ടായിരുന്നു. (ബീഡക്കറിന്റെ (Beadeker) 'റോമായാത്ര' എന്ന പുസ്തകത്തിൽ ഒരു ഭാഗത്ത് "ട്രസ്ററാവേരെയിലുള്ള ചെച്ചീലിയായുടെ ദേവാലയം, ആദ്യമെ ഒരു പാൎപ്പുസ്ഥലമായിരുന്നു; ചെച്ചീലിയാ ഇവിടെ താമസിച്ചിരുന്നുവെന്ന അബദ്ധവിചാരത്താൽ, ഒന്നാമത്തെ ഉർബാനോസ് പാപ്പാ ഇതിനെ ഒരു ദേവലായമാക്കിത്തീൎത്തു" എന്നു കാണുന്നതുതന്നെ അബദ്ധപ്രസ്താവനയാണ്.) കുറേക്കാലം കഴിഞ്ഞപ്പോഴേക്കു വേദസാക്ഷികളുടെ അവശിഷ്ടങ്ങൾ റോമായിലുള്ള പള്ളികളിലും ബസിലിക്കാകളിലും കൊണ്ടുപോയി പൂജ്യമായി വയ്ക്കപ്പെട്ടു; ഗോത്ത്, ലൊംബാർഡ് ആദിയായ ജാതിക്കാർ നശിപ്പിച്ച വിശുദ്ധസ്ഥലങ്ങളെ പുതിയതായി പണികഴിച്ചു; അടയ്ക്കപ്പെട്ടിരുന്ന അന്തർഗ്ഗുഹകളേയും തുറന്നു. ശത്രുക്കൾ പ്രവേശിച്ചു അശുദ്ധമാക്കുന്നതിനു മുമ്പു, ഈ അന്തർഗ്ഗുഹകളെ ആളുകൾ ബഹുമാനിച്ചിരുന്നതുപോലെ, ഇപ്പോൾ ബഹുമാനിച്ചില്ലെങ്കിലും, തീൎത്ഥയാത്രക്കാർ പുരാതനകാലങ്ങളിൽ തങ്ങളുടെ മാൎഗ്ഗദൎശികളായി ഉപയോഗിച്ചിരുന്ന പുസ്തകങ്ങളുടെ സഹായത്താൽ ഈ സ്ഥലങ്ങളിൽവന്നു പ്രാൎത്ഥിച്ചിരുന്നു.

൮൧൭-ൽ പാസ്കൽ മാർപ്പാപ്പാ തിരുസിംഹാസനത്തിൽ പ്രവേശിച്ചു. വേദസാക്ഷികളുടെ തിരുശ്ശേഷിപ്പുകളെ രക്ഷിച്ചു പൂജ്യമായി സൂക്ഷിക്കണമെന്നുള്ളത് അദ്ദേഹത്തിന്റെ ഒരു പ്രധാന കൎത്തവ്യമായിക്കരുതി. പ്രത്യേകമായി വിശുദ്ധ ചെച്ചീലിയായുടെ തിരുശ്ശേഷിപ്പുകൾ കണ്ടെടുക്കുന്നതിനു അദ്ദേഹത്തിനു ആഗ്രഹവുമുണ്ടായിരുന്നു. അധികനാൾ ഉത്സാഹത്തോടുകൂടി അദ്ദേഹം ആ കല്ലറയെ അന്വേഷിച്ചു. അതിനു പ്രത്യേക

മുഖ യാതൊന്നുമില്ലാതിരുന്നതിനാൽ അതിലേക്കുടി പലപ്രാവശ്യവും അദ്ദേഹം കടന്നുപോയി. കാലപ്പഴക്കത്താൽ കേടുകൾ ഭവിച്ചിരുന്ന ചെച്ചീലിയായുടെ ദേവാലയം അദ്ദേഹം പുതിയതായി പണിയിക്കുകയും വളരെ ഭംഗിയായി അതിനെ അലങ്കരിക്കുകയും ചെയ്തു. എങ്കിലും ഭൂമിക്കടിയിൽ കിടന്നിരുന്ന അവളുടെ തിരുശ്ശരീരത്താൽ അലംകൃതമാകുന്നതിനു ആ ദേവാലയത്തിനു ഇടയായില്ല. കാറൽമാൻ ലൊംബാർഡ് ജാതിക്കാരെ റോമായിൽനിന്നു ഓടിച്ചപ്പോൾ അവർ ഈ ശരീരം എടുത്തുകൊണ്ടുപോയിരിക്കണമെന്നു അദ്ദേഹം തീൎമാനിച്ചു.

ഇങ്ങനെ ഭഗ്നാശയനായ അദ്ദേഹത്തെ വീണ്ടും പ്രോത്സാഹിപ്പിച്ചതു ഈ വിശുദ്ധതന്നെയാണ്. പുണ്യവതി അദ്ദേഹത്തെ സന്ദൎശിച്ച വിവരണം അദ്ദേഹംതന്നെ എഴുതീട്ടുണ്ട്. സൂൎയ്യപ്രകാശത്തിനുമുമ്പ് തിരുസഭയുടെ കൎമ്മങ്ങൾ ആരംഭിക്കുന്നതിനോടു കൂടി സാധാരണ പാടാറുള്ള സംഗീതം വൈദികർ പാടിയിരുന്നതിനെ ധ്യാനചിത്തനായി ശ്രദ്ധിച്ചുകൊണ്ട് വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽ ശ്ലീഹന്മാരുടെ കല്ലറയ്ക്കു സമീപെ ഒരു ഞായറാഴ്ച പ്രഭാതകാലത്ത് പാസ്കൽ മാൎപ്പാപ്പാ ഇരിക്കുകയായിരുന്നു.

അദ്ദേഹമിരുന്ന ദേവാലയം ഇപ്പോഴത്തെ ബ്രഹ്മാണ്ഡമായ കെട്ടിടമല്ല കൊൺസ്റ്റൈന്റൻ ചക്രവൎത്തിയാൽ സ്ഥാപിതവും ൩൨൪-ൽ അഭിഷിക്തവും ഇരുണ്ടു വിസ്തീൎണ്ണമായതുമായ ഒരു പഴയ കെട്ടിടമായിരുന്നു. രാത്രിയിലെ നിദ്രാഭംഗംമൂലമുണ്ടായ ക്ഷീണത്തെയും കിഴക്കുഭാഗത്തെ ജന്നലുകളിലെ സ്ഫടികങ്ങൾ ഒരുവിധം ദൃശ്യങ്ങളായപ്പോൾ അദ്ദേഹത്തെ ബാധിച്ച മന്ദനിദ്രയെയും കുറിച്ച് മനസ്താപസഹിതം അദ്ദേഹം വിവരിക്കുന്നുണ്ട്. വലിയ സ്വരത്തിൽ പുറപ്പെട്ടിരുന്ന സംഗീതം സ്വപ്നശ്രാവ്യങ്ങളെന്നപോലെ തോന്നി.

ഉടൻതന്നെ, പ്രകാശമായ ഒരു കാഴ്ചയുണ്ടായി. മണവാട്ടിയെപ്പോലെ വസ്ത്രാലംകൃതയായ ഒരു ചെറിയ കന്യക അദ്ദേഹത്തിനു പ്രത്യക്ഷയാകുകയും, പരിശുദ്ധ പിതാവ് ആരംഭിച്ച കൃത്യം ഇത്രക്ഷണം ഉപേക്ഷിച്ചതിന് അദ്ദേഹത്തെ ശാസിക്കുകയും ചെയ്തിട്ട്, ഇപ്രകാരം പറഞ്ഞു. "നമുക്കു അഭിമുഖമായി സംസാരിക്കാമായിരുന്നതു പോലെ അങ്ങ് എന്റെ സമീപത്തു വന്നിരുന്നു." അതിശയത്താൽ ക്ഷുബ്ധനായിട്ട്, ആ സ്ത്രീ ആരെന്നദ്ദേഹം ചോദിച്ചു: "മിശിഹായുടെ ശിഷ്യയായ ചെച്ചീലിയാ" എന്നായിരുന്നു 'മറുപടി. എല്ലാ കാൎയ്യകളും ദൈവികമല്ലെന്നും, പിശാചിന്റെ കണികൾ ഇടയ്ക്കുണ്ടായേക്കുമെന്നും അറിയാമായിരുന്ന ആ മാൎപ്പാപ്പാ വീണ്ടും സംശയിച്ചു: "ഞാൻ നിന്നെ എങ്ങനെ വിശ്വസിക്കും? വിശുദ്ധ ചെച്ചീലിയായുടെ ശരീരം ലൊംബാർഡു ജാതിക്കാർ എടുത്തുകൊണ്ടുപോയി എന്നാണ് എല്ലാവരും പറയുന്നത്."

ശത്രുക്കൾ അവളുടെ ശരീരത്തെ അന്വേഷിച്ചിരുന്നുവെന്നും, അവർ അതിനെ കണ്ടെടുക്കാതിരിക്കത്തക്കവണ്ണം ദേവമാതാവ് കാത്തിരുന്നുവെന്നും, ഇനി അദ്ദേഹം അന്വേഷിക്കുന്നെങ്കിൽ താമസിയാതെ ആ ശരീരം കാണുന്നതിനിടയാകുമെന്നും, അവളുടെ ശരീരത്തിനടുത്തുതന്നെ കിടക്കുന്ന വിശുദ്ധന്മാരുടെ ശരീരങ്ങളേയും എടുത്തു പൂജ്യമായിവയ്ക്കണമെന്നും ചെച്ചീലിയാ അദ്ദേഹത്തോടാവശ്യപ്പെട്ടു. ഇത്രയും പറഞ്ഞ് ആ വിശുദ്ധ മറയുകയും ചെയ്തു. പരിശുദ്ധ പിതാവ് പലപ്രാവശ്യവും നടന്നിട്ടുള്ള കലിസ്റ്റസിന്റെ ശ്മശാനസ്ഥലത്തേക്കു അദ്ദേഹം സന്തോഷചിത്തനായി പുറപ്പെടുകയും, യാതൊരടയാളങ്ങളും കൂടാതെ കിടന്നിരുന്ന കല്ലറകളെ കണ്ടപ്പോൾ, അവ ചെച്ചീലിയായുടേയും, അവൾ പറഞ്ഞ മറ്റു വിശുദ്ധന്മാരുടേയും ശരീരങ്ങൾ തന്നെയെന്നു മനസ്സിലാക്കുകയും ചെയ്തു. കല്ലറക്കു മുകളിൽ വച്ചിരുന്ന കരിങ്കൽത്തളിരം മാററിയപ്പോൾ, കാലപ്പഴക്കത്താൽ യാതൊരു കേടും സംഭവിക്കാത്ത നാലടി നീളമുണ്ടായിരുന്ന ഒരു പെട്ടി ഒരു മാർബിൾത്തട്ടത്തിൽ ഇരിക്കുന്നതു കണ്ടു.

ആ പെട്ടി കുഴിയിൽനിന്നെടുത്തു പരിശുദ്ധ പിതാവിന്റെ മുമ്പിൽ വച്ചു പെട്ടി തുറക്കുന്നതിന് ആരംഭത്തിൽ കുറെ ബുദ്ധിമുട്ടുകളുണ്ടായിരുന്നു. മൂടുപലക എടുത്തു മാററിയപ്പോൾ, അസാധാരണമായ ഒരു വാസന അതിൽനിന്നു പുറപ്പെട്ടു. യുവതിയായിരുന്ന ചെച്ചീലിയായുടെ ശരീരത്തിന്, ഉൎബ്ബാനോസു മാൎപ്പാപ്പാ വച്ചിരുന്നതിൽനിന്നു യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല. മുഖം തറയിലേക്കു തിരിച്ചും, കരങ്ങൾ വസ്ത്രങ്ങളെ പിടിച്ചും, കഴുത്തിലെ വ്രണത്തിൽ നിന്നൊഴുകിയിരുന്ന

രക്തത്താൽ വസ്ത്രം മിക്കവാറും നനഞ്ഞും കാണപ്പെട്ടു. കാൽക്കൽ വച്ചിരുന്ന രക്തംപുരണ്ട വസ്ത്രവും അതേ സ്ഥിതിയിൽതന്നെ ഇരുന്നു.

വലിയ ബഹുമാനത്തോടും സന്തോഷത്തോടുംകൂടി ആ ശരീരം — ഇപ്പോൾ ദൈവത്തിൻെറ ആലയമായ — ചെച്ചീലിയായുടെ ഗൃഹത്തിലേക്കു കൊണ്ടുപോന്നു. കൂട്ടത്തിൽ അവളുടെ ഭർത്താവിൻെറയും, സഹോദരൻെറയും ശരീരങ്ങളും, അവരെ കൊല്ലുന്നതിനു കൊണ്ടുപോയിട്ട് അവസാനം മാഹാത്മ്യത്തിലേക്കു അവരെ അനുഗമിച്ച മാക്സിമസിൻെറ ശരീരവും, മാഹാത്മ്യവർദ്ധനയ്ക്കായി വിശുദ്ധ ഉർബാനോസ് പിതാവിൻെറ ശരീരവും കൊണ്ടുവന്നു വലിയ അൾത്താരയുടെ കീഴിൽ സ്ഥാപിച്ചു.

വെള്ള മാർബിൾകൊണ്ടു (നാലടിമൂന്നംഗുലം നീളവും ൧൯ അംഗുലം വീതിയും പതിനേഴംഗുലം പൊക്കവുമുള്ള ഒരു തട്ടമുണ്ടാക്കി, ചെച്ചീലിയായുടെ ശവപ്പെട്ടി അതിൽ വച്ചു. ആ നിർമ്മലശരീരം തൊടുന്നതിനുപോലും പരിശുദ്ധ പിതാവനുവദിച്ചില്ല. അറുനൂറു സംവത്സരങ്ങൾക്കുമുമ്പ് ഉർബാനോസു മാർപ്പാപ്പാ വച്ചിരുന്ന സ്ഥിതിയിൽനിന്ന് അതിനെ വ്യത്യാസപ്പെടുത്തുന്നതിനും അദ്ദേഹത്തിനു മനസ്സില്ലായിരുന്നു. ആ ശവപ്പെട്ടിയുടെ പുറവശം മുഴുവൻ, ഡമാസ്കുപട്ടു പൊതിഞ്ഞു. ഏററവും മാർദ്ദവമുള്ള വേറൊരു പട്ടുകൊണ്ട് ചെച്ചീലിയായുടെ ശരീരം മൂടിയിട്ടു. പിന്നീടു ഇതു കണ്ടറിയുന്നതിനുള്ള ഒരു മാർഗ്ഗമായിട്ടു മാത്രമല്ല, തിരുസഭ വേദസാക്ഷികളുടെ മൃതശരീരങ്ങളെ എത്ര ബഹുമാനത്തോടുകൂടി കരുതിയിരുന്നുവെന്നുള്ളതിൻെറ ഒരു ലക്ഷ്യമായിട്ടുകൂടിയാണ് ഈ വക ബഹുമാനങ്ങൾ അദ്ദേഹം ചെയ്തത്.

ചെച്ചീലിയായുടെ നിർമ്മലസൌന്ദര്യത്തെ അവസാന പ്രാവശ്യം സൂക്ഷിച്ചു നോക്കിയിട്ട് വെള്ളക്കല്ലുകൊണ്ടു തന്നെയുണ്ടാക്കിയ ഒരു തളിരംകൊണ്ടു ആ ചട്ടം മൂടി. വലെറിയാനോസ്, ടൈബർഷ്യസ്, മാക്സിമസ് ഈ മൂന്നു വേദസാക്ഷികളുടെ ശരീരങ്ങളും പ്രത്യേകം മൂടുപടങ്ങളിൽ പൊതിഞ്ഞു ഒരു മാർബിൾ തട്ടത്തിൽ വച്ചു. വിശുദ്ധ ഉർബാനോസിൻെറ ശരീരത്തിനു മൂന്നാമതൊരു തട്ടം കൂടിയുണ്ടാക്കി. "അദ്ദേഹം ഏകാകിയായിരിക്കണമല്ലോ എന്നു ശങ്കിച്ച്" അദ്ദേഹത്തിൻെറ പിൻഗാമിയും വേദസാക്ഷിയുമായ ലൂഷ്യസ് മാർപ്പാപ്പായുടെ ശരീരവുംകൂടി ഒരുമിച്ച് ഒരു പെട്ടിക്കകത്തു വച്ചെങ്കിലും, "പ്രത്യേകം വസ്ത്രങ്ങളിൽ പൊതിഞ്ഞു വയ്ക്കുന്നതിനു" വിസ്മരിച്ചില്ല എന്നും അദ്ദേഹം നമ്മെ അറിവിക്കുന്നു.

ഈ മൂന്നു മാർബിൾത്തട്ടങ്ങളും, ട്രസ്ററാവേരെയിലുള്ള വിശുദ്ധ ചെച്ചീലിയായുടെ ദേവാലയത്തിലെ വലിയ അൾത്താരക്കു കീഴിൽ സ്ഥാപിച്ചു. വേദസാക്ഷികളുടെ പേരുകളും അവരുടെ ശരീരങ്ങൾ കിടക്കുന്ന വിവരങ്ങളും അടങ്ങിയ വൃത്താകാരമായ ഒരു മാർബിൾ മേശ അവയുടെ മുൻവശത്തായി സ്ഥാപിച്ചു. പള്ളിത്തറയുടെ മുകൾഭാഗത്തായി ഒരു ദ്വാരം ഉണ്ടാക്കി അഴികൾകൊണ്ട് ആ വാതിലടച്ചു. വിശ്വാസികൾ ഈ അഴികൾക്കിടയിൽകൂടി വസ്ത്രശകലങ്ങളേയും മററും താഴോട്ടിട്ട് ആ ശവപ്പെട്ടികളിന്മേൽ തൊടുവിച്ചതിനുശേഷം അവയെ തിരികെ എടുത്തു വിശുദ്ധ സാധനങ്ങളായി ഉപയോഗിച്ചുവരുന്നു.

## XIV.

കത്തോലിക്കനായ ഒരു തീർത്ഥയാത്രക്കാരന് വി. ചെച്ചീലിയായുടെ ദേവാലയം വളരെ ആകർഷണീയമാണ്. "തൻെറ സഞ്ചാരത്തിൽ കത്തോലിക്കാ സംബന്ധമായ യാതൊന്നും കാണരുതെന്നുദ്ദേശിച്ചു റോമായിൽകൂടി യാത്രചെയ്യുന്ന ഒരു ദേശസഞ്ചാരി, കാണ്മാൻ രമണീയമായവ സകലതും വിട്ടുകളയുന്നു" എന്നാണു പ്രോട്ടസ്ററൻറു ഗ്രന്ഥകാരനായ ആഗസ്ററസ് ഹെയർ പറയുന്നത്. പാസ്കൽ മാർപ്പാപ്പാ ഏററവും സ്നേഹിച്ചിരുന്ന ഈ ദേവാലയത്തിലേക്കു അദ്ദേഹം അനവധി ദാനങ്ങൾ ചെയ്തു. അദ്ദേഹം സമ്മാനിച്ച സ്വർണ്ണം, വെള്ളി, കസവുപണിചെയ്തു പൂജാവസ്ത്രങ്ങൾ മുതലായവയെക്കുറിച്ചു ചരിത്രകാരന്മാർ വളരെ വിശേഷമായി വിവരിച്ചിട്ടുണ്ട്. ഇതുപോലെ തന്നെ അദ്ദേഹത്തിൻെറ പിൻഗാമികളും ഈ പള്ളിക്കു അനവധി ദാനങ്ങൾ ചെയ്തിരുന്നു. "സദാസമയവും കർത്താവിൻെറ നാമം ആ ദേവാലയത്തിൽ സ്തുതിക്കപ്പെടണ"മെന്നുള്ള ചെച്ചീലിയായുടെ ആഗ്രഹനിർവ്വഹണത്തിനു ഒരു സന്യാസാശ്രമം അതിനടുത്തു സ്ഥാപിക്കുകയും സംഗീത വിദഗ്ദ്ധരായ ഒരു സംഘം വൈദികരെ അതിലേക്കു നിയമിക്കുകയും ചെയ്തു. തദനന്തരം അദ്ദേഹത്തിൽ നിന്നു ഈ ലോകത്തിൽവച്ചു വളരെ ബഹുമാനങ്ങൾ സമ്പാദിച്ചവരായ സ്വ

ഗ്ഗ്വാസികളാൽ സസന്തോഷം സ്വീകരിക്കപ്പെടുന്നതിനായി പാസ്കൽ മാർപ്പാപ്പാ യാത്രതിരിച്ചു. അനേകം വേദസാക്ഷികൾ അദ്ദേഹത്തെ എതിരേൽക്കുന്നതിനു വന്നിരുന്നുവെങ്കിലും ചെച്ചീലിയായെപ്പോലെ ദൈവത്തിനും മനുഷ്യർക്കും ഇഷ്ടപ്പെട്ട വേറൊരു വേദസാക്ഷി ആ കൂട്ടത്തിലുണ്ടായിരുന്നില്ല. J. M.

## ലോകവർത്തമാനച്ചുരുക്കം.

പരിശുദ്ധ കന്യക മറിയത്തിന്റെ സ്തുതിക്കായി പലെ തരത്തിൽ ഉദ്ദേശം നാല്പതിനായിരം സഖ്യതകൾ കത്തോലിക്കാ സഭയിൽ ഉണ്ടു്.

ഇപ്പോഴത്തെ ഭയങ്കര യുദ്ധത്തിൽ പുരോഹിതന്മാരായും സന്യാസികളായും ൧൨൦൦ പേർ ഇതേവരെ മരിച്ചിട്ടുള്ളതായി കാണുന്നു.

ഫ്രഞ്ചുസൈന്യത്തിലുള്ള വൈദികരുടെ സംഖ്യ മുപ്പതിനായിരത്തിനും നാല്പതിനായിരത്തിനും മദ്ധ്യേ വരുമെന്നു കാണുന്നു.

൧൯൧൬-ൽ ഇംഗ്ലണ്ടിൽ നിന്നു ൯൦൫൮ പേർ കത്തോലിക്കാ സഭയിൽ ചേരുകയുണ്ടായി എന്നു ലണ്ടനിൽനിന്നു പ്രസിദ്ധീകരിക്കുന്ന 'കാത്തലിക്ക് ഡയറക്ട്ടറി'യിൽ കാണുന്നു.

വിശ്വാസപ്രചാരണത്തിനായി ഈയിടെ ചെയ്ത ധനശേഖരത്തിലേക്കു അമേരിക്കായിൽ ഫിലഡെൽഫിയായിലുള്ള കത്തോലിക്കർ ൬൨൦൦൦ ഡോളർ ദാനം ചെയ്യുകയുണ്ടായി.

ഇംഗ്ലണ്ടിലെ പ്രധാനപ്പെട്ട പ്രഭുക്കന്മാരിൽ അഗ്രഗണ്യനായ നോർഫോൾക്കുപ്രഭു അവർകൾ ഈ മാസാരംഭത്തിൽ മരണം പ്രാപിച്ചതായി അറിഞ്ഞു വ്യസനിക്കുന്നു. മരിക്കുമ്പോൾ ൭൦ വയസ്സു പ്രായമായിരുന്നു. ഇംഗ്ലണ്ടിലെ രാജകുടുംബചരിത്രത്തിലെ ഒരു ഭാഗം, ഇദ്ദേഹത്തിന്റെ കുടുംബചരിത്രമാണെന്നറിയുമ്പോൾ രാജകുടുംബവുമായി ഈ പ്രഭുകുടുംബത്തിനുള്ള ബന്ധം ഏതാണ്ടൊക്കെ മനസ്സിലാക്കാമല്ലോ. ഇദ്ദേഹം ഉത്തമ കത്തോലിക്കനായിരുന്നു എന്നുള്ളതു നമുക്കു അഭിമാനകരമാണ്. ൧൩-ാം ലെയോൻ, പത്താംപീയൂസ് എന്നീ മാർപ്പാപ്പാമാരിൽനിന്നും സ്ഥാനചിഹ്നങ്ങൾ ലഭിച്ചിട്ടുള്ള ഈ മഹാനെപ്പറ്റി കർദ്ദിനാൾ മാനിങ്ങു പ്രസ്താവിച്ചിട്ടുള്ളതു ഇങ്ങിനെയാണ്. 'എല്ലാ കത്തോലിക്കരുടേയും സ്നേഹബഹുമാനാദികളെ ന്യായമായുള്ളും അർഹിച്ചിട്ടുള്ള ഏതെങ്കിലും ഒരു കത്തോലിക്കൻ ഇംഗ്ലണ്ടിലുണ്ടെങ്കിൽ ആ ദേഹം നോർഫോക്കുപ്രഭുവാകുന്നു.' ഇദ്ദേഹത്തിന്റെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

കഴിഞ്ഞ മാസമദ്ധ്യത്തിൽ ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന റഷ്യൻ പ്രതിനിധി ജ്വരബാധിതനായി മരണം പ്രാപിച്ചിരിക്കുന്നു. സ്ഥാനമാനങ്ങൾകൊണ്ടും സമ്പൽസമൃദ്ധികൊണ്ടും മുന്നണിയിൽ നില്ക്കുന്ന റഷ്യൻപ്രഭുക്കന്മാരിൽ ഒരാളായിരുന്നു ഇദ്ദേഹം. ഇംഗ്ലണ്ടിൽ കൊട്ടാരം മുതൽ കുടിൽവരെയുള്ള എല്ലാവരുടെയും സ്നേഹബഹുമാനാദികൾക്കു ഒരുപോലെ പാത്രീഭൂതനും ഉത്തമ കത്തോലിക്കനുമായ ഇദ്ദേഹത്തിന്റെ ദേഹവിയോഗം കൊണ്ടു റഷ്യാസാമ്രാജ്യത്തിനു ഒരു വിശ്വസ്ത പൌരനും, കത്തോലിക്കാസഭയ്ക്കു ഒരഭിമാനസ്തംഭവും നഷ്ടീഭവിച്ചിരിക്കുന്നു. മരിക്കുമ്പോൾ ൬൮ വയസ്സു പ്രായമായിരുന്നു. ശവസംസ്കാര കർമ്മത്തിൽ ചക്രവർത്തി, ചക്രവർത്തിനി, സ്ഥാനത്യാഗയായ അലക്സാണ്ട്രാ രാജ്ഞി ആദിയായവരുടെ സ്ഥാനപതികളും, ഇംഗ്ലണ്ടിലെ പഴയ മന്ത്രി മിസ്റ്റർ അസ്ക്വിത്തും പത്നിയും, പുതിയ മന്ത്രിയുടെ ഭാര്യയും, മന്ത്രിസഭയിലെ മെംബറന്മാരും മററു രാജ്യപ്രതിനിധികളും സന്നിഹിതരായിരുന്നു. സംസ്കാരകർമ്മം നടത്തിയതു വെസ്റ്റ് മിനിസ്റ്റർ മെത്രാസന ദേവാലയത്തിൽ വെച്ചായിരുന്നു.

അമേരിക്കായിൽ ഐക്യരാജ്യത്തു ഒരുകോടി ൨൦ ലക്ഷം കത്തോലിക്കരുണ്ടു്. ഇതു പലേ ഉപശാഖകളിലായി അധിവസിക്കുന്ന... ടെയുള്ള എല്ലാ ക്രിസ്ത്യാനികളുടെയും സംഖ്യയിൽ പകുതിയാകുന്നു. "ഞങ്ങളുടെ വിദ്യാലയങ്ങളെ ഞങ്ങൾതന്നെ പണിതു നടത്തിക്കൊള്ളാം" മെന്നാണു കത്തോലിക്കാസഭരുടെ മുദ്രാവാചകം. അ

മേരിക്കായിലെ കത്തോലിക്കർ തദനുസരണം പ്രവൎത്തിച്ചും വരുന്നു. ഇപ്പോൾ പ്രാഥമിക വിദ്യാഭ്യാസം നൽകുന്ന നമ്പൻെ ഇടവക പള്ളിക്കൂടങ്ങളിലായി ൧൭ ലക്ഷത്തി ൭൩൨൦൩ കുട്ടികൾ പഠിച്ചുവരുന്നു. സെമിനാരികൾ, കോളേജുകൾ, സ്വൎക്ഷാശാലകൾ ആദിയായി ൧൭൦൦ സ്ഥാപനങ്ങൾ ഉണ്ടു. കോളേജുകളിൽ ഒരു ലക്ഷത്തി ഇരുപതിനായിരവും, ഉന്നതതരം സാങ്കേതിക വിദ്യാലയങ്ങളിൽ ഒൻപതിനായിരവും, സെമിനാരികളിൽ ൬൨൦൦-ം, മററു പലേ സ്ക്കൂളുകളിലായി ൫൦൦൦൦-ം പേർ വിദ്യ അഭ്യസിക്കുന്നുണ്ടു. ഇങ്ങനെ ഐക്യരാജ്യത്തു് എന്ന ലക്ഷത്തി രണ്ടായിരം കത്തോലിക്ക യുവാക്കൾ കത്തോലിക്കരുടെ വിദ്യാലയങ്ങളിൽ പഠിച്ചുവരുന്നു. ഈയിടെ ഒരു നിശാപാഠശാല ബോസ്റ്റൻ പട്ടണത്തിൽ സ്ഥാപിക്കുകയുണ്ടായി. ഈ തരത്തിലുള്ള സ്ഥാപനങ്ങളിൽവച്ചു ഏററവും വലിയതാണിതു്. രണ്ടായിരം വിദ്യാൎത്ഥികളും നാല്പതിൽപരം അദ്ധ്യാപകന്മാരും ഇവിടെയുണ്ടു്. ഈ സ്കൂൾ ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നതുകൊണ്ടു ഇതുപോലുള്ള സ്കൂളുകൾ വാഷിങ്ങ്ടൺ, ന്യൂയോർക്ക, പിലഡൽഫിയ മുതലായ പ്രധാന പട്ടണങ്ങളിലും സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. ഈ പുതിയ സ്ഥാപനങ്ങളെല്ലാം കത്തോലിക്കാ യുവജനസംഘങ്ങളുടെ പരിശ്രമം മൂലം ഉണ്ടായിട്ടുള്ളവയാണു.

ഓസ്ത്രിയായിലെ പുതിയ ചക്രവൎത്തിയുടെ കിരീടധാരണാഘോഷം, ബുഡാപെസ്റ്റുപട്ടണത്തിൽവച്ചു കഴിഞ്ഞ ഡിസംബർ ൩൦-ാംനു- വളരെ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. കിരീടധാരണം സംബന്ധിച്ചുള്ള ഏതാനും കൎമ്മങ്ങൾ യുദ്ധം മൂലം ഉപേക്ഷിക്കേണ്ടതായി വന്നു. പട്ടണം മുഴുവൻ കൊടികളാൽ അലംകൃതമായിരുന്നു. ചക്രവൎത്തിയും ചക്രവൎത്തിനിയും ഘോഷയാത്രയായിട്ടുകൂടി മെത്രാസന ദേവാലയത്തിൽ എത്തി. കൎദ്ദിനാൾ പ്രീമേററും വൈദികരും കൂടി അവരെ സ്വീകരിച്ചു ലോരേത്തോ ചാപ്പലിലേക്കു ആനയിച്ചു. അവിടെ രാജവസ്ത്രാലംകൃതനായി സെൻറ് സ്റ്റീഫൻെറ ഖൾഗവും ധരിച്ചു ചക്രവൎത്തി പത്നീസമേതം പ്രധാനബലിപീഠത്തിലേക്കു പുറപ്പെട്ടു. അവിടെ സജ്ജീകൃതമായ സിംഹാസനത്തിൽ, സാമ്രാജ്യത്തിലെ പ്രധാനപ്പെട്ട പ്രഭുക്കന്മാരാൽ പരിവൃതനായി അഭിനവ ചക്രവൎത്തി ഉപവിഷ്ടനായതിൻെറ ശേഷം, ഘോഷമായ പാട്ടുകുർബാന ആരംഭിച്ചു. പ്രധാനപീഠത്തിൻെറ പടവിയിൽ മുട്ടുകുത്തിനിന്നാണു് രാജാവും രാജ്ഞിയും കുർബാന കണ്ടതു്. പലേ ചടങ്ങുകളുടെ ശേഷം ററിസാ പ്രഭു 'കിരീടത്തെ സ്വീകരിക്കുക' എന്നു പറഞ്ഞുകൊണ്ടു ചക്രവൎത്തിയുടെ തലയിൽ കിരീടം വച്ചു. പിന്നീടു കിരീടം എടുത്തു ചക്രവൎത്തിനിയുടെ തോളിന്മുകളിൽ പിടിച്ചു. തദനന്തരം രാജ്ഞി പരിചാരസമേതം കൊട്ടാരത്തിലേക്കു മടങ്ങി. ചക്രവൎത്തി സിംഹാസനാരൂഢനായിരിക്കയിൽ, യുദ്ധങ്ങളിൽ ശ്രുതിപ്പെട്ട പടയാളികൾക്കു സ്ഥാനമാനങ്ങൾ നൽകുകയുണ്ടായി. ഇതിൻെറ ശേഷം മെത്രാസനദേവാലയത്തിൻെറ പുരോഭാഗത്തു ജനക്കൂട്ടവും രാജാവും വന്നു നിന്നു. അപ്പോൾ പീരങ്കികളുടെ കുന്നക്കഠോരമായ ധ്വനികളും ശ്രുതിമധുരമായ മണിനാദങ്ങളും മുഴങ്ങിക്കൊണ്ടിരുന്നു. ഇവിടെവച്ചു ഇടത്തു കൈയിൽ ഒരു കുരിശും വലത്തുകരം പൊക്കിയും പിടിച്ചുകൊണ്ടു മുറപ്രകാരമുള്ള സത്യവാചകം ഉച്ചരിച്ചു. അടുത്തുനടന്നതു് 'കൊറൊനേഷൻ മൌണ്ടു്' എന്ന സ്ഥലത്തേക്കുള്ള ഒരു ഘോഷയാത്രയായിരുന്നു. ഈ മൌണ്ടു് അഥവാ, കുന്നു്, ഓസ്ത്രിയാ ഹങ്കറിയിലുള്ള എല്ലാ പ്രദേശങ്ങളിൽ നിന്നും എടുത്തിട്ടുള്ള മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ളതാകുന്നു. ഈ കുന്നിൻെറ ഉപരിഭാഗത്തു കയറിനിന്നുകൊണ്ടു ചക്രവൎത്തി വാളെടുത്തു ഭൂമിയുടെ നാലുകോണുകളിലേക്കും ഒന്നു വീശി. സാമ്രാജ്യത്തിൻെറ പ്രധാനസംരക്ഷകൻ എന്നനിലയിൽ എല്ലാ ശത്രുക്കളിൽനിന്നും അതിനെ താൻ രക്ഷിക്കും എന്നു സൂചിപ്പിക്കുന്ന ഒരു ചടങ്ങായിരുന്നു ഇതു്. പിന്നീടു അരമനയിലേക്കു യാത്രയായി. ഒരു വലിയ വിരുന്നു സല്ക്കാരംകൊണ്ടു കിരീടധാരണാഘോഷം അവസാനിപ്പിച്ചു.